കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail id : dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി5)1727/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020
Ph.No. 0487 – 2331249
e-mail Id : dotsr.ksad@kerala.gov.in
തിയ്യതി: 23.11.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം:- എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 13 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി5)1727/2018 തിയ്യതി : 23.11.2018

## തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിലെ 01.04.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് 2017-18 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സൈമൺ..കെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08-10-18 മുതൽ<br>17-10-18 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സാബു.പി.എസ്.<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ബേബി.പി.വി<br>ഓഡിറ്റ് ഓഫീസർ |
| | ഷാജി.ഇ.കെ<br>ഓഡിറ്റർ ട്രെയിനി |
| | ഷാജിത.കെ.എം. |

| | |
|---|---|
| | അസി.ഓഡിറ്റ് ഓഫീസർ |
| | ജീജോ ജോബ്<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.മീന ശലമോൻ | 01/04/2017 മുതൽ<br>31/03/2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| പേര് | കാലയളവ് | ഇപ്പോഴത്തെ മേൽവിലാസം |
|---|---|---|
| അസി.സെക്രട്ടറി<br>വൃന്ദ.വി | 01/04/2017-<br>31/03/2018 | അസി.സെക്രട്ടറി,എരുമപ്പെട്ടി<br>ഗ്രാമപഞ്ചായത്ത് |
| കൃഷി ഓഫീസർ<br>ആശമോൾ.പി.പി | 01/04/2017<br>-31/3/2018 | കൃഷി ഓഫീസർ<br>,എരുമപ്പെട്ടി<br>ഗ്രാമപഞ്ചായത്ത് |
| അസിസ്റ്റന്റ് എഞ്ചിനീയർ<br>1. ഷൈന.എം.ജി | 01/04/2017-<br>31/03/2018 | അസി.എഞ്ചിനീയർ,<br>ഒറ്റപ്പാലം ബ്ലോക്ക്<br>പഞ്ചായത്ത് |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി<br>1. Dr. ടോണി.എ.കെ | 01/04/2017 –<br>31/03/2018 | മെഡിക്കൽ ഓഫീസർ,<br>എരുമപ്പെട്ടി |
| മെഡിക്കൽ ഓഫീസർ<br>ആയുർവേദം<br>1. Dr. സുജിത്.എ | 01/04/2017 –<br>31/03/2018 | മെഡിക്കൽ<br>ഓഫീസർ,ജി.എ.ഡി.<br>എരുമപ്പെട്ടി<br>ഗ്രാമപഞ്ചായത്ത് |
| വെറ്ററിനറി സർജൻ<br>1. Dr.കുര്യാക്കോസ്<br>അലോഷ് പീറ്റർ | 01/04/2017 –<br>31/03/2018 | വെറ്ററിനറി സർജൻ,<br>എരുമപ്പെട്ടി<br>ഗ്രാമപഞ്ചായത്ത് |
| പ്രധാന അദ്ധ്യാപിക<br>1.ബ്ലെയ്സി.എം.വി | 01/04/2017 –<br>31/03/2018 | ജി.എൽ.പി.എസ് ,<br>എരുമപ്പെട്ടി |
| വി.ഇ.ഒ<br>1.സൂര്യ.കെ.ആർ<br>(എരുമപ്പെട്ടി സർക്കിൾ) | 01/04/2017-<br>31/03/2018<br>31.10.2017-31.12.2017<br>അധികചുമതല<br>(കുണ്ടന്നൂർ സർക്കിൾ) | വി.ഇ.ഒ.<br>എരുമപ്പെട്ടി സർക്കിൾ |

| | | |
|---|---|---|
| 2. ജെസ്റ്റിൻ സെബാസ്റ്റ്യൻ(കുണ്ടന്നൂർ സർക്കിൾ) | 01/04/2017-<br>30/10/2017 | വി.ഇ.ഒ<br>മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് |
| 3.ഷാജു.എം.എ(കുണ്ടന്നൂർ സർക്കിൾ) | 01/01/2018-31.03.2018 | വി.ഇ.ഒ<br>(കുണ്ടന്നൂർ സർക്കിൾ) |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ<br>രതി.ആർ.മേനോൻ | 01/04/2017 -<br>31/03/2018 | ഐ.സി.ഡി.എസ് സൂപ്പർവൈസർ, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ<br>1. മഞ്ജു.ബി | 01/04/2017 -<br>31/3/18 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് |

## ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം – 2 വരവ്<br>കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ബജറ്റ് രൂപീകരണ നടപടിക്രമങ്ങൾ പാലിച്ചില്ല | 2-1 |
| 14 | തറവിസ്തീർണ്ണത്തിനനുസൃതമായി വസ്തു നികുതി നിർണ്ണയിച്ചില്ല. | 2-2 |
| 15 | ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങൾ വ്യത്യസ്ത ഭാഗങ്ങളായി നികുതി നിർണ്ണയിച്ചു | 2-3 |
| 16 | കെട്ടിടനിർമ്മാണ അനുമതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം | 2-4 |

| | | |
|---|---|---|
| 17 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറിയുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. | 2-5 |
| 18 | വാല്വേഷൻ നടപടികൾ യഥാസമയം സ്വീകരിക്കാതെ പഞ്ചായത്ത് വസ്തുവകകൾ ലേലം ചെയ്തു. | 2-6 |
| | ഭാഗം-3<br>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 19 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ-പരിശോധന സാധ്യമായില്ല | 3-1 |
| 20 | പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-2 |
| 21 | കാർഷികമേഖല—നവീന രീതിയിലുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല | 3-3 |
| 22 | കിഴങ്ങ് വിള കൃഷി പ്രോത്സാഹനം-പൊലിമ-തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കപ്പെടുന്നില്ല | 3-4 |
| 23 | സമഗ്ര നെൽകൃഷി വികസനം-കൂലിചെലവ് സബ്സിഡി,ഉൽപ്പാദന ബോണസ്-ഗുണഭോക്താക്കൾക്ക് തുക ലഭ്യമാക്കിയത് പരിശോധിക്കാൻ സംവിധാനങ്ങളില്ല. | 3-5 |
| 24 | തരിശു നെൽകൃഷി -കൂടുതൽ ഏരിയയിലേക്ക് വ്യാപിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കേണ്ടതാണ്. | 3-6 |
| 25 | പൂർത്തികരണ / വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-7 |
| 26 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-8 |
| 27 | മരുന്ന് വാങ്ങിയത് യഥാസമയം സ്റ്റോക്കിലെടുത്തിട്ടില്ല. | 3-9 |
| 28 | പാലിയേററീവ് പരിചരണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി. | 3-10 |
| 29 | ജനറേറ്റർ-ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല | 3-11 |

| | | |
|---|---|---|
| 30 | മഴക്കാലപൂർവ്വശുചീകരണം-രേഖകൾ ഹാജരാക്കിയില്ല | 3-12 |
| 31 | അഗതി കുടുംബങ്ങൾക്കുള്ള ആശ്രയ പദ്ധതി- ആനുകൂല്യങ്ങൾ ലഭിക്കാത്തവർ ഇനിയും അവശേഷിക്കുന്നു. | 3-13 |
| 32 | ആശ്രയ-വനിത ഭവന നിർമ്മാണം-വനിതാ ഘടകപദ്ധതിയിൽ ഏറ്റെടുത്തു | 3-14 |
| 33 | പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് ആശ്രയ-ഭവന നിർമ്മാണം-പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-15 |
| 34 | കുടിവെള്ളപദ്ധതികൾ-കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 3-16 |
| 35 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 3-17 |
| 36 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാര്യക്ഷമതക്കുറവ് | 3-18 |
| 37 | പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു | 3-19 |
| 38 | നിക്ഷേപപ്രവൃത്തികളായി നടത്തിയ കുടിവെള്ളപദ്ധതികൾ-അപാകതകൾ | 3-20 |
| 39 | ടെണ്ടർ ഫീസ് ലഭ്യമായില്ല | 3-21 |
| 40 | റീടെൻഷൻ തുക രണ്ട് പ്രാവശ്യം പിൻവലിച്ചു | 3-22 |
| 41 | വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 3-23 |
| 42 | ആസ്തികൾ നിഷ്ക്രിയമായി കിടക്കുന്നു | 3-24 |
| | ഭാഗം – 4 | |
| 48 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 49 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 51 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 52 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 55 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 56 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 57 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 58 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം – 1 |
| 59 | ഓഡിറ്റ് ചെയ്ത വാർഷികക ണക്കിന്റെ റസീറ്റ് &പെയ്മെന്റ് അക്കൗണ്ട്, ഇൻകം&എക്സ്പെൻഡിച്ചർ പത്രിക, ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം | അനുബന്ധം –2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

22-03-2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 23-03-2018 തീയതിയിലെ 17(1) ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 04-05-2018 | - | 04-05-2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13-06-2018 മുതൽ 14-06-2018 വരെ | കെ.എസ്.എ ടി.എസ്.ആർ (ഇ3)1150/18(35) തീയതി 17-07-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19273635 |
| വരവ് | 80504128 |
| ആകെ | 99777763 |
| ചെലവ് | 87099601 |
| നീക്കിയിരിപ്പ് | 1,26,78162 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 17078000 | 17078000 | 15548580 | 1529420 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 12142581 | 12142581 | 12123625 | 18956 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7573000 | 7573000 | 7573000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3735000 | 3735000 | 2748094 | 986906 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8020628 | 8020628 | 5983578 | 2037050 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 2808719 | 2808719 | 2803535 | 5184 |
| സാക്ഷരത | | 0 | 84900 | 84900 | 84900 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 20708549 | 20708549 | 20708549 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 1123100 | 1123100 | 1123100 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- (ഐ.സി.ഡി.എസ്) | | 406978 | 307607 | 714585 | 591771 | 122814 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- ബേട്ടി ബച്ചാവോ ബേട്ടി പഠാവോ | | 10000 | 0 | 10000 | 0 | 10000 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- ഒ.ഡി.എഫ് | | 0 | 960000 | 960000 | 960000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ – (പ്രൊഡക്ഷൻ ബോണസ്) | | 0 | | | | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ –ശുചിത്വ മിഷൻ ഫണ്ട് | | 0 | 569058 | 569038 | 548419 | 20619 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ – ആശ്രയ ചലഞ്ച് ഫണ്ട് | | 418447 | 0 | 418447 | 418447 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ –മദ്യവിമുക്തി | | 25000 | 12500 | 37500 | 13882 | 23618 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ –പി.എം.ജി.എസ്.വൈ കടിവെള്ളപദ്ധതി | | 170000 | 0 | 170000 | 0 | 170000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ –എൻ.ആർ.ജി.എ.ഇൻസെന്റീവ് | | 0 | 188000 | 188000 | 188000 | 0 |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | | 0 | | | | 0 |
| തൊഴിൽ രഹിത വേതനം | | 0 | | | | 0 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2770000 | 2770000 | 1020000 | 1750000 |
| | ജില്ലാ പഞ്ചായത്ത് | 201350 | 960000 | 1161350 | 1161350 | 0 |
| ബി ഫണ്ട് | | 0 | 1080655 | 1080655 | 1080655 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 11738702 | 10531000 | 22269702 | 21881070 | 388632 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 8801136 | 28682542 | 37483678 | 28376338 | 9107340 |
| | ട്രഷറി അക്കൗണ്ട് | 11738702 | 11330638 | 23069340 | 9404715 | 13664625 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 83148092 | 144 | 56003359 | 12 | 51 | 67 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

-ഇല്ല-

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | | 1123100 | 1123100 | 1123100 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20708549 | 20708549 | 20708549 | 0 |

# 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 71880 | 176 |
| കർഷകതൊഴിലാളി പെൻഷൻ | 7092500 | 592 |
| വിധവാപെൻഷൻ | 17279700 | 1430 |
| വാർദ്ധക്യകാലപെൻഷൻ | 26860200 | 2043 |
| വികലാംഗപെൻഷൻ | 4616800 | 368 |
| 50 വയസിനു മുകളിലെ അവിവാഹിത പെൻഷൻ | 2134200 | 241 |

# 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-10-2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 27741/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പ്രധാനപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് ബജറ്ററി നിയന്ത്രണം നിലവിലില്ല.

2. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് അക്കൗണ്ടിംഗ് മാന്വൽ നിലവിലില്ല.

3. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.

4. ആസ്തി രേഖപ്പെടുത്തുന്നതിനായി രൂപപ്പെടുത്തിയ സചിത്ര സോഫ്റ്റ് വെയർ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായിട്ടില്ല.

5. ചെസ്ററിൽ സൂക്ഷിക്കുന്ന കാഷ്, ആധാരങ്ങൾ, മറ്റ് വിലപ്പിടിപ്പുള്ള വസ്തുക്കൾ എന്നിവയുടെ വിവരം, കൈമാറ്റം എന്നിവ നിരീക്ഷിക്കാൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-09-2018 | 8/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.09.2009 | 2004-05മുതൽ 2008-09 വരെ | 26.10.2009 |

# 1-12 വാർഷികകണക്കിലെ അപാകതകൾ

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷികകണക്കുകളോടൊപ്പം അടിസ്ഥാനഅനുപാതങ്ങൾ(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62(എഫ്),പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ചേർത്തിട്ടില്ല.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 ൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11 ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കാനായില്ല.

3. വസ്തുനികുതി ഡിമാന്റ്,നീക്കിയിരിപ്പ് എന്നിവയിൽ സഞ്ചയ സ്റ്റേറ്റ്മെന്റും വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വസ്തുനികുതി | സാംഖ്യ | സഞ്ചയ | വ്യത്യാസം |
|---|---|---|---|
| കടിശ്ശിക | 2037522 | 2870291 | 832769 |

| | | | |
|---|---|---|---|
| ഡിമാന്റ് | | | |
| കുടിശ്ശിക-തൻവർഷ വരവ് | 2104121 | 2104121 | - |
| കുടിശ്ശിക-ബാലൻസ് | 769783 (16-17 ബാലൻസ് ഷീറ്റ് ബി-15 പ്രകാരമുള്ള തുകയിൽ നിന്നും സെസ്സ് കുറച്ച തുക) | 766685 | 3098 |
| തൻവർഷ ഡിമാന്റ് | 3226816 | 3226816 | - |
| തൻവർഷ വരവ് | 2649461 | 2649461 | - |
| തൻവർഷ ബാലൻസ് | 517036 (ബാലൻസ് ഷീറ്റ് ബി-15 പ്രകാരമുള്ള തുകയിൽ നിന്നും സെസ്സ് കുറച്ച തുക) | 515733 | 1303 |

31.3.18 ലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നം.A3-2011/2017 പ്രകാരം മുൻകാല നീക്കിയിരിപ്പായ 1872604 രൂപ സാംഖ്യയിൽ പ്രയർ പിരിയഡിലേക്ക് വരവ് വെച്ച് സഞ്ചയ ഓപ്പണിംഗ് ബാലൻസുമായി ക്രമീകരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ വർക്ക് ഷീറ്റ് പരിശോധനക്ക് ലഭിച്ചില്ല.

4. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ 'net decrease in cash and cash equivalents' ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6595473 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ 'net cash generated by operating +investing+financing activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9140653 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ടു തുകകളും പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണ നടപടിക്രമങ്ങൾ പാലിച്ചില്ല

കേരളപഞ്ചായത്ത് രാജ് നിയമം 162 എ (1) ാം വകുപ്പ് പ്രകാരം ബജറ്റ് രൂപീകരണം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളിൽ പെടുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 ,ഓരോ ഗ്രാമപഞ്ചായത്തും മാർച്ച് മാസം 31 ാം തിയതിക്ക് മുമ്പായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നു. ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ

പുറപ്പെടുവിച്ചിട്ടുള്ളതാണ്. മാന്വലിന്റെ 2.2,2.3,2.4 എന്നീ ഖണ്ഡികകളിൽ പദ്ധതി-പദ്ധതിയേതര ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ, കരട് ബജറ്റ് രൂപീകരണം എന്നിവ നിർവ്വഹിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കിയിട്ടുണ്ട്. ബജറ്റ് രൂപീകരണത്തിന്റെ സമയക്രമം ഖണ്ഡിക 2.5 ലും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2017-18 ബജറ്റ് രൂപീകരണം സംബന്ധിച്ച യാതൊരു രേഖകളും പഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങളും 2017-18 വർഷത്തെ ബജറ്റ് രൂപീകരണത്തിന് പഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | മാന്വലിലെ നിർദ്ദേശം | പഞ്ചായത്ത് സ്വീകരിച്ച നടപടികൾ | സമയക്രമം |
|---|---|---|---|
| പദ്ധതി നിർദ്ദേശങ്ങൾ | | | |
| 1. | ബജറ്റ് തയ്യാറാക്കുന്നതിന് മുമ്പ് തന്നെ ഓരോ ഗ്രാമപഞ്ചായത്തും വാർഷിക വികസനപദ്ധതി തയ്യാറാക്കേണ്ടതാണ്. | ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിക്കുന്നത് 05/06/2017 നാണ്. | 2017 ഫെബ്രുവരി 28 ന് മുമ്പ് |
| പദ്ധതിയേതര നിർദ്ദേശങ്ങൾ | | | |
| 1. | പഞ്ചായത്ത് സെക്രട്ടറി ഘടകസ്ഥാപനമേധാവികളുടെ യോഗം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വ ത്തിൽ വിളിക്കുകയും സ്ഥാപനങ്ങളുടെ പദ്ധതിയേതരചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും വേണം. | 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി എല്ലാ ഇംപ്ലിമെന്റിംഗ് ഓഫീസർമാരോടും ബജറ്റ് നിർദ്ദേശങ്ങൾ 25/01/2017 ന് 4 മണിക്ക് മുമ്പായി ലഭ്യമാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 09/01/17 ലെ യോഗത്തിൽ (തീരുമാന നമ്പർ:02/1-17) തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഇത് നടപ്പിലാക്കിയതായുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 2017 ഡിസംബർ 15 ന് മുമ്പ് |
| 2. | നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഘടകസ്ഥാപനമേധാവികൾക്ക് ഒരു മാസത്തെ സമയം നൽകണം. | രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | |
| 3. | ഘടകസ്ഥാപനമേധാവികൾ അനുബന്ധം 1&2 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ വരവ് ചെലവ് നിർദ്ദേശങ്ങൾ സമർപ്പിക്കണം. | -do- | 2017 ജനുവരി 15 ന് മുമ്പ് |
| 4. | ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ സെക്രട്ടറി അനുബന്ധം 3 &4 ൽ പറഞ്ഞിരിക്കുന്ന ഫോർമാററിൽ സമർപ്പിക്കണം | -do- | |
| 5. | സെക്രട്ടറി മേൽ നിർദ്ദേശങ്ങൾ തരംതിരിച്ച് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് | -do- | 2017 ഫെബ്രുവരി 1 ന് മുമ്പ് |

| | | | |
|---|---|---|---|
| | കൈമാറണം | | |
| 6. | സ്റ്റാന്റിംഗ് കമ്മിറ്റികൾ മേൽ നിർദ്ദേശങ്ങൾ അനുബന്ധം 5.1,5.2 എന്നീ ഫോർമാറ്റുകളിൽ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൈമാറണം | -do- | |
| 7. | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ നിർദ്ദേശങ്ങൾ പരിഗണിച്ച് അന്തിമ പദ്ധതിയേതരനിർദ്ദേശങ്ങൾ തയ്യാറാക്കണം | ബജറ്റ് തയ്യാറാക്കുന്നതിനായി വിവിധ നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും സ്റ്റാന്റിംഗ്കമ്മിറ്റികളിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചതായോ ആയത് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്തതായോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. | 2017 ഫെബ്രുവരി 15 ന് മുമ്പ് |
| 8. | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് രൂപീകരിക്കണം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2017-18 വർഷത്തെ ബജറ്റ് അംഗീകരിക്കുകയും ഭരണസമിതി അംഗീകാരത്തിന് സമർപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്(തീരുമാനം 1/10.3.2017) .പ്രസ്തുത സമയത്ത് വാർഷികപദ്ധതി അംഗീകാരം ലഭിക്കാത്തതുകൊണ്ട് സംസ്ഥാനബജറ്റ് വിഹിതം വകയിരുത്തിയാണ് പദ്ധതി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ വാർഷികപദ്ധതിക്ക് അംഗീകാരം ലഭിക്കുമ്പോൾ പുതുക്കിയ ബജറ്റ് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം വാങ്ങേണ്ടതായിരുന്നു. 08.01.18 നാണ് (തീരുമാനം 2) പുതുക്കിയ ബജറ്റ് ഭരണസമിതി അംഗീകരിച്ചിരിക്കുന്നത്. | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് മാർച്ച് 1 ന് മുമ്പ് രൂപീകരിക്കണം. മാർച്ച് 7 ന് മുമ്പ് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഭരണസമിതിയുടെ പ്രത്യേകയോഗം വിളിക്കുകയും മാർച്ച് 31 ന് മുമ്പ് ബജറ്റ് അംഗീകരിക്കുകയും വേണം. |

ബജറ്റ് രൂപീകരണത്തിൽ നടപടിക്രമവും സമയക്രമവും പാലിച്ചിട്ടില്ലെന്ന് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. ബജറ്റിൽ നിർദ്ദേശിക്കാത്ത ഇനത്തിനും ബജറ്റിൽ നിർദ്ദേശിച്ച തുകയിൽ അധികരിച്ചുള്ള ചെലവിനും ഏതെങ്കിലും തരത്തിലുള്ള പരിശോധനസംവിധാനം സ്ഥാപനത്തിൽ ഒരുക്കിയിട്ടുമില്ല. ഇത് ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിന് ചെലവുചെയ്യുന്നതിനും വകയിരുത്തിയ തുകയേക്കാൾ ചെലവ് ചെയ്യുന്നതിനും ഇടവരുത്തുന്നു. ഇപ്രകാരം 2017-18 വർഷത്തിൽ 250-Decentralised Plan Programme-Productive Sector എന്ന ശീർഷകത്തിൽ ബജറ്റിൽ വകയിരുത്തിയതിൽ അധികമായി തുക ചെലവഴിക്കാൻ ഇടയാകുകയും ചെയ്തിട്ടുണ്ട്. ബജറ്റ് പ്രകാരം മേൽ ശീർഷകത്തിലെ ചെലവ് 1,07,69,600/- രൂപയും വാർഷിക കണക്കുകൾ പ്രകാരം ടി ശീർഷകത്തിലെ ചെലവ് 1,15,37,368/- രൂപയുമാണ്. മാത്രമല്ല നിശ്ചിത രീതിയിൽ

ബജറ്റ് തയ്യാറാക്കാത്തത് എല്ലാ സ്രോതസ്സിൽ നിന്നുമുള്ള വരുമാന സാദ്ധ്യതകൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നതിനും ഘടകസ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾക്ക് തുക വകയിരുത്താതിരിക്കുന്നതിനും ഇടയാക്കുന്നു. ബജറ്റ് മാന്വലിൽ നിർദ്ദേശിച്ച രീതിയിൽ തയ്യാറാക്കുന്നതിലേക്ക് സ്റ്റാന്റിംഗ് കമ്മിറ്റി,ഭരണസമിതി എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 തറവിസ്തീർണ്ണത്തിനനുസൃതമായി വസ്തു നികുതി നിർണ്ണയിച്ചില്ല.

എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് 11-ാം വാർഡിൽ 703/2P, 705/1P സർവ്വേ നമ്പറിൽ ശ്രീ.ഹസൻ S/o മുഹമ്മദ്, കുറ്റിമൂച്ചിക്കൽ, കുണ്ടന്നൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന് 11/276 A1 മുതൽ 11/276 C9 വരെയുള്ള 39 കെട്ടിടനമ്പറുകൾ അനുവദിച്ചിട്ടുണ്ട്. അസി.എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം പൂർത്തീകരിച്ച കെട്ടിടത്തിന്റെ തറവിസ്തീർണ്ണം താഴെ ചേർക്കും പ്രകാരമാണ്.

ഗ്രൗണ്ട് ഫ്ലോർ - 272.72 ച.മീ.

ഒന്നാം നില - 301.25 „

രണ്ടാം നില - 301.25 „

ടെറസ് + പാർക്കിംഗ് - 55.67 „

-------

ആകെ 930.89 ച.മീ.

--------

മേൽ കെട്ടിടത്തിന് താഴെ പറയും പ്രകാരം കെട്ടിടനമ്പറുകൾ അനുവദിച്ചിരിക്കുന്നതായി New Building Register / Sanchaya Form 6 എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| | വസ്തുനികുതി നിർണ്ണയിച്ച തറവിസ്തീർണ്ണം |
|---|---|
| ഗ്രൗണ്ട് ഫ്ലോർ - 11/276A1 മുതൽ A15 വരെ (A6 ഒഴികെ) - (14 നമ്പറുകൾ) | 232.81 ച.മീ. |
| ഒന്നാം നില - 11/276B1 മുതൽ B16 വരെ - (16 നമ്പറുകൾ) | 262.98 ച.മീ. |
| രണ്ടാം നില - 11/276C1 മുതൽ C9 വരെ - (9 നമ്പറുകൾ) | 145..34 ച.മീ. |
| ആകെ | 641.13 ച.മീ. |

അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ഗ്രൗണ്ട് ഫ്ലോർ, ഒന്നാംനില, രണ്ടാം നില എന്നിവയുടെ ആകെ തറവിസ്തീർണ്ണം 875.22 ച.മീ.ആണ്. എന്നാൽ വസ്തുനികുതി നിർണ്ണയിച്ചത് 641.13 ച.മീ നാണ്. വസ്തുനികുതി നിർണ്ണയിക്കുവാൻ തറവിസ്തീർണ്ണം കണക്കാക്കിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.02/17-18 തീയതി 11-10-18) മറുപടിയായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ ചട്ടം 2(എഫ്) പ്രകാരം തറനിരപ്പിന്റെ ചുമർകനം ഉൾപ്പെടെയാണ് ഓരോ മുറികളുടെയും വിസ്തീർണ്ണം കണക്കാക്കിയിരിക്കുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ ചട്ടം 3 പ്രകാരം വസ്തുനികുതി നിർണ്ണയിക്കുവാൻ തറവിസ്തീർണ്ണം കണക്കാക്കുമ്പോൾ ഉൾപ്പെടുത്താവുന്നതും

ഒഴിവാക്കേണ്ടതുമായ കെട്ടിടഭാഗങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സെക്രട്ടറിയുടെ മറുപടിയിൽ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പരിശോധനറിപ്പോർട്ടിലെ തറവിസ്തീർണ്ണത്തിൽ നിന്നും കുറവ് വന്നത് എപ്രകാരമാണ് എന്നും ഏതെല്ലാം കെട്ടിടഭാഗങ്ങളാണ് ഒഴിവാക്കിയതെന്നും വിശദമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. മേൽ വാണിജ്യകെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിനായി തറവിസ്തീർണ്ണം കണക്കാക്കിയതിൽ കുറവ് വന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ വസ്തുനികുതി പുനർനിർണ്ണയം നടത്തേണ്ടതുമാണ്.

## 2-3 ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങൾ വ്യത്യസ്ത ഭാഗങ്ങളായി നികുതി നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. മേൽ ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ 100 ച.മീ.വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീ.ന് 40 രൂപയും 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 60/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള 100 ച.മീന് മുകളിലുള്ള ഒരേ ഉപയോഗക്രമമുള്ള പല വാണിജ്യ കെട്ടിടങ്ങളും വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ, പ്രത്യേകം നമ്പറിനു വേണ്ടി കെട്ടിടയുടമ അപേക്ഷിക്കുക പോലും ചെയ്യാതെ, പൂർത്തീകരണ പ്ലാനിൽ കടമുറികളായി കാണിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്ക് (ച.മീന് 60 രൂപ) ഈടാക്കുന്നതിന് പകരം 100 ച.മീ.യിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 40/- രൂപ നിരക്കിൽ നികുതി ഈടാക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. ശ്രീ.ഹസ്സൻ S/o മുഹമ്മദ്, കുറ്റിമൂച്ചിക്കൽ, കുണ്ടന്നൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള 11/276A1 മുതൽ 11/276 C9 വരെയുള്ള 39 കെട്ടിടനമ്പറുകൾ.

2. അബ്ബാസ് S/o അബൂബക്കർ, കാരങ്ങൽ(H), എരുമപ്പെട്ടി എന്നയാളുടെ ഉടമസ്ഥതയിലുള്ള 17/550A മുതൽ 17/550T വരെയുള്ള 20 കെട്ടിടനമ്പറുകൾ.

3. മരയ്ക്കാർ & ഭാര്യ കുഞ്ഞുമോൾ, ചാത്തംകുളം വീട്, മങ്ങാട് എന്നവരുടെ ഉടമസ്ഥയിലുള്ള 16/435B മുതൽ 16/435 I വരെയുള്ള 8 കെട്ടിടനമ്പറുകൾ.

ഇപ്രകാരം ഒരേ ആളുടെ ഉടമസ്ഥതയിലുള്ളതും ഒരേ ഉപയോഗക്രമമുള്ളതുമായ കെട്ടിടങ്ങളെ തക്കതായ കാരണം രേഖപ്പെടുത്താതെയും പ്രത്യേകം നമ്പറുകൾക്ക് വേണ്ടി കെട്ടിടയുടമ അപേക്ഷിക്കുക പോലും ചെയ്യാതെയും കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിശ്ചയിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

## 2-4 കെട്ടിടനിർമ്മാണ അനുമതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ പരിശോധിച്ചതിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. കെട്ടിട നിർമ്മാണ അനുമതി വിവരങ്ങൾ വരെ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തറവിസ്തീർണ്ണാനുപാതം , പെർമിറ്റ് പുതുക്കൽ സംബന്ധിച്ച വിവരങ്ങൾ, വസ്തു നികുതി നിർണ്ണയ നമ്പർ മുതലായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഇതിനാൽ പെർമിറ്റിൻമേലുള്ള തുടർനടപടികൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കാതെ വരുന്നു. കെട്ടിടനിർമ്മാണ പെർമിറ്റിന്റെ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി നിർണ്ണയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്തവയുടെ പെർമിറ്റ് പുതുക്കിയിട്ടുണ്ടോ എന്നും പഞ്ചായത്തിന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. നിലവിലുള്ള കെട്ടിടങ്ങൾക്ക് അനുവദിച്ച Addition / Extention പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും അതനുസരിച്ച് വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടോ എന്നുമുള്ള നിരീക്ഷണങ്ങൾ നടത്തുന്നതിന് കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ ഉപയോഗപ്പെടാതെ വരുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.07/17-18 തീയതി 12.10.18) നിലവിൽ കെട്ടിടനമ്പർ ഉള്ളതും Addition / Extention പെർമിറ്റ് അനുവദിച്ചിട്ടുള്ളതുമായ സംഗതികളിൽ പൂർത്തീകരണ പ്ലാൻ ഹാജരാക്കുന്ന മുറയ്ക്കാണ് വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നത് എന്നും പെർമിറ്റ് എടുത്തവർ നിർമ്മാണം പൂർത്തിയാക്കിയോ എന്ന് പരിശോധന നടത്താറുമുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം പരിശോധന നടത്തുന്നതിന് പെർമിറ്റ് കാലാവധിക്കുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചവരുടെയും പൂർത്തീകരിക്കാത്തവരുടെയും വിവരങ്ങൾ കെട്ടിടനിർമ്മാണ അനുമതി രജിസ്റ്ററിൽ നിന്നും ലഭ്യമല്ല എന്നത് വ്യക്തമാണ്. കെട്ടിടനിർമ്മാണ രജിസ്റ്ററിലെ മേൽ അപാകതകൾ മൂലം പഞ്ചായത്തിന് പെർമിറ്റ് ഫീസ്, വസ്തുനികുതി എന്നീയിനങ്ങളിൽ വരുമാനനഷ്ടസാധ്യതയുണ്ട്. രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-5 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറിയുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വനിത വ്യവസായ സഹകരണ സംഘത്തിന് വാടകയ്ക്ക് നൽകിയിട്ടുള്ളതുമായ 16/445-ാം നമ്പർ കെട്ടിടമുറിയുടെ വാടക സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ടി കെട്ടിടമുറിയുടെ വാടക 31.03.2008 വരെ അടവാക്കിയിട്ടുള്ളതും, തുടർന്ന് നാളിതുവരെ അടവാക്കാത്തതുമാണ്. നിലവിൽ വനിത സഹകരണ സംഘം പ്രവർത്തിക്കുന്നില്ല. പഞ്ചായത്ത് ഭരണസമിതിയുടെ 09/01/2017 ലെ 16(3) നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന്റെ പ്രവർത്തന വിപുലീകരണത്തിനായി കെട്ടിടമുറി ഒഴിയാനാവശ്യപ്പെട്ട് സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ട് ( ബി4-284/17 തീയതി 27/01/17). എങ്കിലും നാളിതു വരെ കെട്ടിട മുറി ഒഴിഞ്ഞിട്ടില്ല. സെക്രട്ടറിയുടെ 01.04.17 ലെ ബി4-284/17 നമ്പർ നടപടിക്രമങ്ങൾ പ്രകാരം ടി കെട്ടിടത്തിന്റെ വാടക 2017-18 വർഷത്തെ അക്രൂവലിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ 04/2008 മുതൽ 03/2017 വരെയുള്ള കെട്ടിടവാടക ഈടാക്കി കെട്ടിടമുറി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വാല്യേഷൻ നടപടികൾ യഥാസമയം സ്വീകരിക്കാതെ പഞ്ചായത്ത് വസ്തുവകകൾ ലേലം ചെയ്തു.

2017-18 വർഷത്തിൽ പഞ്ചായത്തിൽ നടന്ന താഴെ പറയുന്ന വസ്തുവകകളുടെ ലേലം അവയുടെ വാല്യേഷൻ നടപടികൾ പൂർത്തിയാക്കാതെ നടത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ: 10/2017-18 തീയതി 16/10/18) മറുപടി നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | വാല്യേഷൻ സർട്ടിഫിക്കറ്റ് സംബന്ധിച്ച | ലേലം നടന്ന തീയതിയും ലേലം | പുനർലേലം നടന്ന തീയതിയും | ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വിവരങ്ങൾ | കൊണ്ട തുകയും | ലേലം കൊണ്ട തുകയും | |
| 1 | വാർഡ് 13-പുറമ്പോക്കിലുള്ള മാവ് മുറിച്ച് നീക്കൽ | ലഭ്യമായിട്ടില്ല. | 31/01/2018 Rs.11,150/- | - | അപകടാവസ്ഥയിലുള്ള മാവ് വെട്ടിമാറ്റേണ്ടത് ജനങ്ങളുടെ സുരക്ഷയ്ക്ക് അത്യാവശ്യമായിരുന്നു. അടിയന്തിര സാഹചര്യം പരിഗണിച്ചാണ് വാല്വേഷൻ നടപടികൾ സ്വീകരിക്കാതിരുന്നത്. |
| 2 | മുട്ടിക്കൽ അംഗൻവാടി പൊളിച്ചു മാറ്റൽ | SR-2/WKY /17-18 Dtd.06.02.18 of Asst.Executive Engineer, LSGD, Wadakkanchery Rs.4097.83/- | 09/01/2018 | 27/01/2018 Rs.2,300/- | കൂടുതൽ വില ലഭിക്കുകയില്ല എന്ന ഉത്തമവിശ്വാസത്തിലും പുതിയ കെട്ടിടനിർമ്മാണം ആരംഭിക്കേണ്ടതു കൊണ്ടുമാണ് കണക്കാക്കിയ വിലയേക്കാൾ കുറഞ്ഞ വിലക്ക് ലേലം ഉറപ്പിച്ചത്. |
| 3 | പരാത്ത് കുളം മണ്ണ് ലേലം | ലഭ്യമല്ല | 31/01/2018 Rs.1,26,000/- | | ചെറുകിട ജലസേചന വകുപ്പ് നടപ്പാക്കിയ കുളം നവീകരണത്തിന്റെ ഭാഗമായി 1700$m^3$ മണ്ണ് ഇറിഗേഷൻ വകുപ്പ് നീക്കം ചെയ്തിരുന്നതും മേൽ മണ്ണ് സ്വകാര്യ വ്യക്തിയുടെ പറമ്പിൽ നിക്ഷേപിച്ചിരുന്നതുമാണ്. 2016-17, 2017-18 സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 460.63 $m^3$ മണ്ണും നീക്കം ചെയ്തിരുന്നു. സ്വകാര്യ വ്യക്തിയുടെ പരാതി പരിഗണിച്ച് മണ്ണ് മാർക്കറ്റ് വിലയേക്കാൾ കുറയാത്ത നിരക്കിൽ ലേലം കൊണ്ടു. |

മുട്ടിക്കൽ അംഗൻവാടി നിൽക്കുന്ന സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ അംഗൻവാടി നിർമ്മിക്കുന്നതിന് നിലവിലുള്ള അംഗൻവാടി പൊളിച്ചു മാറ്റുന്നതിന് ബ്ലോക്ക് അസി.എക്സിക്യൂട്ടീവ് എൻജിനീയർ 22.11.2017 ൽ കത്ത് നൽകിയിട്ടും ആയതിന്റെ സർവ്വെ റിപ്പോർട്ട് ലഭിച്ചത്

ലേലം നടന്നതിന് ശേഷം 06.02.18 നാണ്. അതു പോലെ പരാത്ത് കുളത്തിൽ നിന്നും നീക്കം ചെയ്ത മണ്ണിന്റെ വില കണക്കാക്കുന്നതിനും ആവശ്യത്തിന് സമയം ലഭിച്ചിട്ടുണ്ടെന്നത് മറുപടിയിൽ നിന്നും വ്യക്തമാണ്. എന്നിട്ടും ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ മൂല്യ നിർണ്ണയ സാക്ഷ്യപത്രം കൂടാതെ ലേലം ചെയ്തത് ക്രമപ്രകാരമല്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ- പരിശോധന സാധ്യമായില്ല

2017-18 സാമ്പത്തികവർഷം വെറ്ററിനറി സർജൻ 8 പ്രൊജക്റ്റുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്.എന്നാൽ 2018 ഓഗസ്റ്റ് മാസം 16,17,18,19 തീയതികളിലുണ്ടായ പ്രളയത്തിൽ വെറ്ററിനറി ഡിസ് പെൻസറി പൂർണ്ണമായി വെള്ളത്തിൽ മുങ്ങിയതിനാൽ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ മുഴുവനായും നനഞ്ഞുകുതിർന്ന് പരിശോധിക്കാൻ സാധ്യമല്ലാത്ത അവസ്ഥയിലായിരുന്നു.(ഓഡിറ്റ് എൻക്വയറി നം.11/16.10.18)

കാഷ് ബുക്ക്,രസീതി പുസ്തകങ്ങൾ,കളക്ഷൻ രജിസ്റ്റർ,പ്രൊജക്റ്റുകൾ ,ട്രഷറി ബിൽകോപ്പികൾ,പ്രൊജക്റ്റുകളുടെ ചെലവുരേഖകൾ, ഗുണഭോക്താക്കളുടെ അപേക്ഷകൾ,അർഹത തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രങ്ങൾ തുടങ്ങി പരിശോധനയ്ക്കാവശ്യമായ മുഴുവൻ രേഖകളും നനഞ്ഞു കുതിർന്ന രീതിയിലായിരുന്നു.ജീവനക്കാർ രേഖകൾ ഉണക്കിഎടുക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ആയത് ഭാഗികമായേ സാധിച്ചിട്ടുള്ളൂ.

2017-18 സാമ്പത്തികവർഷം നടപ്പാക്കിയ പ്രൊജക്റ്റുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം | പേര് | ട്രഷറി ബിൽ നം/തുക | ഗുണഭോക്തൃവിഹിതം | ആകെ ചെലവ് |
|---|---|---|---|---|---|
| 1 | 10/18 | പ്രത്യേക കന്നുകുട്ടി പരിപാലനം | 6/14.2.18-362500<br>15/20.3.18-137500 | നേരിട്ട് ചെലവഴിക്കുന്നത്-500000 | 1000000 |
| 2 | 11/18 | ആട് വിതരണം (വനിത) | 2/11.1.18-20000<br>5/11.1.18-45000<br>7/14.2.18-90000<br>14/17.3.18-65000<br>ആകെ-220000 | ഗ്രാമപഞ്ചായത്തിൽ അടവാക്കിയത്-220000 | 440000 |
| 3 | 16/18 | ആട് വിതരണം എസ്.സി(വനിത) | 3/11.1.18-37500<br>4/11.1.18-75000<br>8/14.2.18-135000<br>13/17.3.18-7500<br>ആകെ-255000 | ഗ്രാമപഞ്ചായത്തിൽ അടവാക്കിയത്-85000 | 340000 |
| 4 | 19/18 | മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ | 1/17.11.17-60000 | 0 | 60000 |

| | | | | | |
|---|---|---|---|---|---|
| 5 | 20/18 | മുട്ടക്കോഴി വിതരണം(വനിത) | 9/14.2.18-60000<br>16/20.3.18-49000<br>18/28.3.18-73500 | ഗ്രാമപഞ്ചായത്തിൽ അടവാക്കിയത്-182500 | 365000 |
| 6 | 55/18 | കറവപ്പശു കാലിത്തീറ്റ(ജനറൽ) | 11/17.3.18-87637<br>17/28.3.18-262600<br>19/31.3.18-26260<br>ആകെ-376497 | നേരിട്ട് ചെലവഴിച്ചത്-375998 | 752495 |
| 7 | 60/18 | സമഗ്രകന്നുകാലി ഇൻഷ്വറൻസ് | 10/17.3.18-4500 | ഗ്രാമപഞ്ചായത്തിൽ അടവാക്കിയത്-6120 | 10620 |
| 8 | 73/18 | കറവപ്പശു കാലിത്തീറ്റ(എസ്.സി) | 12/17.3.18-3690<br>20/31.3.18-20604<br>ആകെ-24294 | നേരിട്ട് ചെലവഴിച്ചത്-16196 | 40490 |

പരിശോധിക്കാൻ സാധിക്കാത്ത പ്രൊജക്റ്റുകളെ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം | പേര് | പരിശോധിക്കാൻ സാധിക്കാത്ത രേഖകൾ |
|---|---|---|---|
| 1 | 11/18 | ആട് വിതരണം (വനിത) | ഗുണഭോക്തൃലിസ്റ്റ്,ആടിനെ സപ്ലൈ ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ,തുക അനുവദിച്ചതിന്റെ വിവരം,കൈപ്പറ്റ് രസീതി,അപേക്ഷകൾ ,അർഹത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ,ഗുണഭോക്തൃവിഹിതം അടവാക്കിയതിന്റെ വിവരം |
| 2 | 16/18 | ആട് വിതരണം എസ്.സി(വനിത) | ഗുണഭോക്തൃലിസ്റ്റ്,ആടിനെ സപ്ലൈ ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ,തുക അനുവദിച്ചതിന്റെ വിവരം,കൈപ്പറ്റ് രസീതി,അപേക്ഷകൾ ,അർഹത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ,ഗുണഭോക്തൃവിഹിതം അടവാക്കിയതിന്റെ വിവരം |
| 3 | 19/18 | മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ | മരുന്നിന്റെ ഇൻവോയ്സ് ബിൽ,തുക അനുവദിച്ചത്,കൈപ്പറ്റ് രസീതി,സ്റ്റോക്ക് രജിസ്റ്റർ,വിതരണരേഖകൾ എന്നിവ |
| 4 | 20/18 | മുട്ടക്കോഴി വിതരണം(വനിത) | ഗുണഭോക്തൃലിസ്റ്റ്,സ്ഥാപനത്തിന്റെ ഇൻവോയ്സുകൾ,തുക അനുവദിച്ചതിന്റെ വിവരം,കൈപ്പറ്റ് രസീതി,അപേക്ഷകൾ ,അർഹത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ,ഗുണഭോക്തൃവിഹിതം |

| | | | |
|---|---|---|---|
| | | | അടവാക്കിയതിന്റെ വിവരം |
| 5 | 60/18 | സമഗ്രകന്നുകാലി ഇൻഷ്വറൻസ് | ഗുണഭോക്തൃലിസ്റ്റ്,തുക കൈമാറിയതിന്റെ വിവരം,കൈപ്പറ്റ് രസീതി |

രേഖകൾ നശിക്കാനിടയാകാത്ത വിധത്തിൽ സൂക്ഷിക്കാനുള്ള സാഹചര്യം ഡിസ്പെൻസറിയിൽ ലഭ്യമാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-2 പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രൊജക്ട് നം-10/18

വികസനഫണ്ട്-500000/-

ട്രഷറി ബിൽ നം-6/14.2.18-362500

15/20.3.18-137500

നിർവ്വഹണം-വെറ്ററിനറി സർജൻ

തെരഞ്ഞെടുത്ത 40 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്കുള്ള തീറ്റവിതരണത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി മേൽ തുക എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടറുടെ അക്കൗണ്ട് നം.71301140000034 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.തീറ്റവിതരണം 3/18 മുതൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭൗതികനേട്ട റിപ്പോർട്ട് ഓരോ വർഷവും ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതും ഫലപ്രദമായി നടക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-3 കാർഷികമേഖല—നവീന രീതിയിലുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല

2017-18 സാമ്പത്തികവർഷത്തെ കൃഷി -ചെറുകിട ജലസേചനം സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം നെല്ല്,പച്ചക്കറി,തെങ്ങ്,കവുങ്ങ്,വാഴകൃഷി,തരിശുനെൽകൃഷി എന്നിവയുടെ വികസനമാണ് കാർഷികമേഖലയുടെ വികസനത്തിനും,ഉൽപ്പാദന വർദ്ധനവിനുമുള്ള പ്രൊജക്ട് ആശയങ്ങളായി രേഖപ്പെടുത്തിയിട്ടുള്ളത്.വർക്കിംഗ് ഗ്രൂപ്പുകളിലും ഈ നിർദ്ദേശങ്ങളാണ് യോഗതീരുമാനങ്ങളായി രേഖപ്പെടുത്തിയിട്ടുള്ളത്.ആയതു പ്രകാരം കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി 7 പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ടിലെ രേഖപ്പെടുത്തൽ പ്രകാരം 2013-14 മുതൽ ഗ്രാമപഞ്ചായത്തിൽ കാർഷികമേഖലയിൽ തുടർച്ചയായി നടപ്പാക്കി വരുന്ന പ്രൊജക്ടുളാണ് ഇവ.2017-18 ലെ പ്രൊജക്ടുകൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| സമഗ്രനെൽകൃഷി വികസനം | 4543547 | 4080573 |
| തെങ്ങ്കൃഷി വികസനം | 317432 | 313102 |
| കവുങ്ങ്കൃഷി വികസനം | 72502 | 72238 |

| | | |
|---|---|---|
| ഡെയ്ഞ്ച വിത്ത് വിതരണം | 63000 | 63000 |
| തരിശുനെൽകൃഷി പ്രൊത്സാഹനം | 150000 | 150000 |
| നേന്ത്രവാഴകൃഷിക്ക് രാസവള വിതരണം | 200000 | 168000 |
| കിഴങ്ങ് വിള കൃഷി വ്യാപനം | 185000 | 185000 |

ജി.ഒ(എം.എസ്) 72/2017 ത.സ്വ.ഭ.വ തിയതി 3.4.17 പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു നിശ്ചിതകാലയളവിനുള്ളിൽ കാർഷിക മേഖല സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ളവയായിരിക്കണം കാർഷികമേഖല പ്രൊജക്ടുകൾ.എന്നാൽ ഓരോ വർഷവും ഒരേ തരം പ്രൊജക്ടുകൾ നടപ്പാക്കുന്നതിലൂടെ ഈ ലക്ഷ്യം കൈവരിക്കാനാകുമോ എന്ന വിഷയം പരിശോധിക്കപ്പെടേണ്ടതാണ്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 80/17 .ത.സ്വ.ഭ.വ തിയതി 3.4.17 ൽ കാർഷിക ഉൽപ്പന്നങ്ങൾക്ക് താങ്ങുവില/ഉല്പാദക ബോണസ്,കൃഷിയെ സാരമായി ബാധിക്കുന്ന കീടരോഗങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി,പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് വിപണന സംവിധാനം,വീടുകൾ ഹരിതഭവനം എന്നിങ്ങനെ വൈവിദ്ധ്യങ്ങളായ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.എന്നാൽ കാർഷികമേഖലയ്ക്ക് കൂടുതൽ പ്രയോജനകരമായ ഇത്തരം പ്രൊജക്ടുകൾ ഒന്നും തന്നെ ഏറ്റെടുക്കാതെ വളം വിതരണം, കൂലിചെലവ് സബ്സിഡി തുടങ്ങിയ പ്രൊജക്ടുകൾ മാത്രമാണ് ഏറ്റെടുത്തിട്ടുള്ളത്.

വൈവിദ്ധ്യമാർന്ന പ്രൊജക്ടുകൾ ഏറ്റെടുത്ത് പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 കിഴങ്ങ് വിള കൃഷി പ്രോത്സാഹനം-പൊലിമ-തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കപ്പെടുന്നില്ല

2017-18 സാമ്പത്തികവർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് ഇത്.വികസനഫണ്ടിൽ നിന്നും 185000/- രൂപ വകയിരുത്തിയ മേൽ പ്രൊജക്റ്റിനായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിൽ നിന്നും താഴെ പറയും പ്രകാരം കിഴങ്ങ് വിളകൾ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം.എച്ച്.ക്യൂ./ടി.എസ്.ആർ-601/16.2.18)

| ഇനം | കി.ഗ്രാം | വില | ആകെ |
|---|---|---|---|
| ചേന | 750 | 50 | 37500 |
| ചേമ്പ് | 900 | 70 | 63000 |
| ഇഞ്ചി | 600 | 80 | 48000 |
| മഞ്ഞൾ | 730 | 50 | 36500 |
| | | | 185000 |

100% സബ്സിഡി നിരക്കിൽ മേൽ പറഞ്ഞവ 300 കിറ്റ് ആക്കി കുടുംബശ്രീ അംഗങ്ങൾക്ക് വിതരണം നടത്തിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ പ്രൊജക്റ്റിന്റെ തുടർ പ്രവർത്തനങ്ങൾ കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്തതായി കാണുന്നില്ല.പ്രൊജക്ടുകളുടെ ഫലപ്രാപ്തി

സംബന്ധിച്ചും മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

കിഴങ്ങ് വിള കൃഷി പ്രോത്സാഹനം വിത്ത് വിതരണത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നത് പ്രൊജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് എതിരാണ്.ആയതിനാൽ പ്രൊജക്ട് പൂർണ്ണമായി നടപ്പാക്കുന്നതിനാവശ്യമായ തുടർപ്രവർത്തനങ്ങൾക്ക് കൂടി ഫണ്ട് വകയിരുത്തുന്നത് അഭികാമ്യമായിരിക്കും.

## 3-5 സമഗ്ര നെൽകൃഷി വികസനം- കൂലിചെലവ് സബ്സിഡി,ഉൽപ്പാദന ബോണസ്-ഗുണഭോക്താക്കൾക്ക് തുക ലഭ്യമാക്കിയത് പരിശോധിക്കാൻ സംവിധാനങ്ങളില്ല.

2017-18 സാമ്പത്തികവർഷം സമഗ്രനെൽകൃഷി വികസന പ്രൊജക്ടിന്റെ ഭാഗമായി കൂലിചെലവ് സബ്സിഡിയും, ബി ഫണ്ട് ഇനത്തിൽ ഉൽപ്പാദന ബോണസും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| കൂലിചെലവ് സബ്സിഡി | ട്രഷറി ബിൽ നം/ചെക്ക് നം | തുക |
|---|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 5/3.3.18 | 1582973 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1748249/24.3.18 | 560000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1748249/24.3.18 | 560000 |
| | ആകെ | 2702973 |
| ഉല്പാദനബോണസ് | | |
| വൗച്ചർ നം/തിയതി | 21701474/19.3.18 | 263500 |
| | 21701475/19.3.18 | 189760 |
| | 21701476/19.3.18 | 161915 |
| | 21701477/19.3.18 | 33100 |
| | 21701478/19.3.18 | 15500 |
| | 21701479/19.3.18 | 15000 |
| | | 678775 |
| ആകെ(കൂലിചെലവ്+ ഉൽപാദന ബോണസ്) | | 33,81,748 |

പ്ലാൻഫണ്ടിൽ നിന്നും തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിക്കുന്ന രീതിയിലാണ് വിതരണം ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് തുക അനുവദിക്കുന്നതിനായി ഗുണഭോക്താക്കളുടെ അക്കൗണ്ട് നം. രേഖപ്പെടുത്തിയ ലിസ്റ്റിൽ ട്രഷറിയിൽ നിന്നും ഒപ്പ് വാങ്ങി

സൂക്ഷിക്കുന്നില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ലിസ്റ്റ് തന്നെയാണ് ട്രഷറിയിലും നൽകിയിട്ടുള്ളത് എന്ന് ഉറപ്പുവരുത്തുന്നതിന് കഴിയുന്നില്ല. ഈ അപാകത പരിഹരിക്കുന്നതിനായി ട്രഷറിയിലേക്ക നൽകുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റിന്റെ കോപ്പിയിൽ ട്രഷറി ഓഫീസറുടെ ഒപ്പു വാങ്ങി സൂക്ഷിക്കുന്നത് ഉചിതമായിരിക്കും.

ബാങ്കിലേക്ക് നൽകുന്ന ലിസ്റ്റിലും ബാങ്ക് അധികൃതർ തുക വിതരണം ചെയ്തതായി സാക്ഷ്യപ്പെടുത്തി വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.എല്ലാ ഗുണഭോക്താക്കളുടെയും അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്തതായി നിർവഹണോദ്യോഗസ്ഥൻ യഥാസമയംതന്നെ ഉറപ്പുവരുത്തി ആയത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഓരോ ഗുണഭോക്താവിനും അർഹമായ രീതിയിൽ ധനസഹായം വിതരണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.ഗുണഭോക്താക്കളുടെ ബാഹുല്യം നിമിത്തം ലഭ്യമായ തുക എല്ലാവർക്കും തുല്യമായി വിതരണം ചെയ്യുന്ന രീതിയാണ് നിലവിൽ അവലംബിക്കുന്നത്. ആയതിനു പകരം യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന സ്ഥലത്തിനാനുപാതികമായി മാത്രം ധനസഹായം അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 തരിശു നെൽകൃഷി -കൂടുതൽ ഏരിയയിലേക്ക് വ്യാപിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

2017-18 സാമ്പത്തികവർഷം തരിശുനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വികസനഫണ്ട് 150000/- രൂപ വകയിരുത്തിയിട്ടുണ്ട്. ട്രഷറി ബിൽ നം.4/23.1.18 പ്രകാരം മേൽ തുക 18 ഗുണഭോക്താക്കളുടെ കൂലിചെലവ് സബ്സിഡിയായി അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. നെൽവയലുകൾ തരിശിട്ടിരിക്കുന്ന 15 ഏക്കർ ഭൂമിയിൽ കൃഷി ഇറക്കിയതിനാണ് ഏക്കറിന് 10000/- രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചിട്ടുള്ളത്.

കൃഷി അനുബന്ധ മേഖലകൾ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ 40ഹെക്ടർ തരിശുഭൂമിയും,കൃഷിയോഗ്യമാണെങ്കിലും കൃഷി ചെയ്യാത്ത 60ഹെക്ടർ ഭൂമിയും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. നെല്ലിന്റെ ഉൽപാദനവർദ്ധനവ് ലക്ഷ്യമിട്ട് മേൽ ഭൂമികളിൽ കൃഷി ഇറക്കാനാവശ്യമായ പ്രോത്സാഹനം കർഷകർക്ക് നൽകേണ്ടതാണ്. ആയതുമായി ബന്ധപ്പെട്ട പ്രൊജക്ട് നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും ഭരണസമിതി തലത്തിലും തയ്യാറാക്കി പ്രൊജക്ട് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പൂർത്തികരണ / വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ നടത്തിപ്പിന് വേണ്ടി വിവിധ സ്ഥാപനങ്ങൾക്ക് പണം നൽകിയിട്ടുണ്ട്.എന്നാൽ പ്രവൃത്തി പൂർത്തികരിച്ചതു സംബന്ധിച്ച പൂർത്തികരണ/വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര്/ നം. | ട്രഷറി ബിൽ നം തിയതി. | തുക | തുക നല്കപ്പെട്ടിട്ടുള്ളത് |
|---|---|---|---|
| ഐ.കെ എം.ന് വിഹിതം നൽകൽ. S0024/18 | 4/2017-18.dtd.19.6.17. | 43000/- | ഐ.കെ.എം. തിരുവനന്തപുരം |

| | | | |
|---|---|---|---|
| ഐ.എം.എ. ബ്ലഡ്ബാങ്കിന് ധനസഹായം. S0047/18. | 12/2017-18. dtd.22.8.17. | 100000/- | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്. തൃശ്ശൂർ |
| വടക്കേമുക്ക് കുടിവെള്ള പദ്ധതി. S0120/18 | 24/2017-18. dtd.24.10.17. | 500000/- | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്. |
| ചിറ്റണ്ട കുടിവെള്ള പദ്ധതി. S0133/18 | 26/2017-18. dtd.24.10.17. | 200000/- | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്. |
| പഞ്ചായത്ത് റോഡിൽ ഗതാഗതത്തിന് തടസ്സമായി നില്ക്കുന്ന ഇല.പോസ്റ്റ് മാറ്റൽ S004/18 | 43/2017-18. dtd.23.1.18. 62/2017-18. dtd.23.3.18. 63/2017-18. dtd.28.3.18. | 170000/- 28854/- 18100/- | കെ.എസ്.ഇ.ബി ഇല.ഡിവിഷൻ വടക്കാഞ്ചേരി, കുണ്ടന്നൂർ ഡിവിഷനുകൾ |
| സ്ട്രീറ്റ് മെയിൻ വലിക്കൽ. S0201/18 | 44/2017-18. dtd.23.1.18. 46/2017-18. dtd.30.1.18. 47/2017-18. dtd.30.1.18. | 1147950/- 91950/- 52050/- | കെ.എസ്.ഇ.ബി ഇല.ഡിവിഷൻ വടക്കാഞ്ചേരി, കുണ്ടന്നൂർ ഡിവിഷനുകൾ |
| നെല്ലിക്കപറമ്പ് കോളനി SC കുടിവെള്ള പദ്ധതി. S0202/18. | 45/2017-18. dtd.20.1.18. | 150000/- | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്. |

പൂർത്തികരണ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 2501904 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

എരുമപ്പെട്ടി.

പാലിയേറ്റിവ് കെയർ പ്രോഗ്രാം -s003/18.

ട്രഷറി ബിൽ നം.6/2017-18 dtd.25.1.18. തുക 95480/-

ട്രഷറി ബിൽ പ്രകാരം 95480/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ 62740/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി 8/12.10.18.പ്രകാരം ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് രേഖകൾ ഹാജരാക്കാത്ത 32740/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 മരുന്ന് വാങ്ങിയത് യഥാസമയം സ്റ്റോക്കിലെടുത്തിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

എരുമപ്പെട്ടി.

പാലിയേറ്റിവ് കെയർ പ്രോഗ്രാം -s003/18.

ട്രഷറി ബിൽ നം.12/2017-18 dtd.31.3.18. 76140/-

നീതി സറ്റോർ കുണ്ടുക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് 44360/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ബന്ധപ്പെട്ട ഇൻവോയ്സിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പേജ് നം 25ൽ uricond medium co.150 qty.3000/- മാത്രമാണ് ചേർത്തിട്ടുള്ളത്. 41360/- രൂപയുടെ മരുന്നിന്റെ സ്റ്റോക്ക് വിവരം ലഭ്യമല്ലാത്തതിനാൽ തൃപ്തികരമായ മറുപടി ലഭിക്കുന്നതു വരെ 41360/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ യഥാസമയം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 പാലിയേററീവ് പരിചരണ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി.

പ്രോജക്ട് നം s0136/18 പാലിയേറ്റിവ് കെയർ എന്ന പ്രോജക്ടിൽ ട്രഷറി ചെക്ക് നം.1748248 dtd.24.3.2018. പ്രകാരം 200000/-രൂപയും ട്രഷറി ബിൽ നം. 11/2017-18 dtd.28.3.18. പ്രകാരം

9000/- രൂപയും തൃശ്ശൂർ സർജിക്കൽ എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയതിന് ചെലവഴിച്ചിട്ടുണ്ട്.സർക്കാർ ഉത്തരവ് (സാധാ) നം.3217/15 തസ്വഭവ തിയതി.29.10.15 ക്രമ നം.2.10.6.പ്രകാരം പാലിയേറ്റീവ് കെയറിന് വേണ്ടി ഒരോ സാമ്പത്തക വർഷം ഒരു പ്രോജക്ട് മാത്രമെ തയ്യാറാക്കുവാൻ പാടുള്ളൂ.സാമ്പത്തിക വർഷാരംഭം മുതൽ സാമ്പത്തിക വർഷാവസാനം വരെ വേണ്ടി വരുന്ന എല്ലാ പ്രവർത്തനങ്ങളും ചെലവുകളും കണക്കാക്കി പ്രോജക്ട് തയ്യാറാക്കണം. പ്രോജക്ടിന് ഭേദഗതി ആവശ്യമായ വന്നാൽ ഭേദഗതി വരുത്തി പദ്ധതി ആസൂത്രണ രേഖയിലെ നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും ആംഗീകാരം നേടേണ്ടതാണ്.ഒരു സാമ്പത്തിക വർഷം ആവസാനിച്ചാൽ ആ വർഷത്തെ പ്രോജക്ട് തുക (തുക ബാക്കിയുണ്ടെങ്കിലും ) ആവസാനിപ്പിക്കണം.സ്പിൽ ഓവർ പ്രോജക്ടായി തുടർന്ന് നടപ്പിലാക്കുവാൻ പാടില്ല.അടുത്ത വർഷം ഏപ്രിൽ 1ാം തിയതി മുതലുള്ള ചെലവുകൾ ആടുത്ത വർഷത്തെ പ്രോജക്ടിൽ നിന്നാണ് വഹിക്കേണ്ടത്.ഒരു വാർഷിക പദ്ധതിയിൽ ഒന്നിലധികം പാലിയേറ്റീവ് കെയർ പ്രോജക്ടുകൾ ഉണ്ടാകാൻ പാടില്ല, നടപ്പാക്കാനും പാടില്ല. 2017- 18 വർഷത്തിൽ s03/18 പാലിയേറ്റിവ് കെയർ പ്രോഗ്രാം എന്ന പ്രോജക്ട് നിലവിലുണ്ടായിരുന്നു. എരുമപ്പെട്ടി ഗ്രാമ പഞ്ചായത്തിന്റെ 30.12.2017 നടന്ന മീറ്റിംഗിലെ 1(10) vനം തീരുമാന പ്രകാരം വാർഷിക പദ്ധതി 17-18 സ്പിൽ ഓവർ പ്രോജക്ട് നം 136/18 ജില്ലാ പഞ്ചായത്ത് വിഹിതം 200000/- രൂപ ഡാറ്റ എൻട്രി നടത്തിയതിൽ വിവിധ ഘടകങ്ങൾക്കുള്ള വകയിരുത്തലുകളിൽ അപകാതമൂലം പദ്ധതി നിർവ്വഹണം നടത്താനുണ്ടായ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ പ്രസ്തുത തുക ഉപയോഗിച്ച് ക്യാൻസർ,കിഡ്നി രോഗികൾക്ക് അനുയോജ്യമായ

കിറ്റുകൾ നൽകി പദ്ധതി പൂർത്തികരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. മെഡിക്കൽ ഓഫീസർ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സ്പിൽ ഓവർ പ്രോജക്ടായി പദ്ധതി നടപ്പാക്കിയത് ശരിയല്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-11 ജനറേറ്റർ-ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല

2017-18 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ ജനറേറ്റർ പ്രവർത്തിപ്പിക്കാൻ ആരംഭിച്ചിട്ടുണ്ട് . ഫ്യൂവൽ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ലോഗ് ബുക്ക് തയ്യാറാക്കിയിട്ടില്ല. ജനറേറ്ററിന്റെ ലോഗ് ബുക്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 മഴക്കാലപൂർവ്വശുചീകരണം-രേഖകൾ ഹാജരാക്കിയില്ല

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പിന്റെ സർക്കുലർനം.127/17 ത.സ്വ.ഭ.വ തീയതി 16.3.17 പ്രകാരം വാർഡ് തല ശുചീകരണ പ്രവർത്തനങ്ങൾക്ക് വാർഡൊന്നിന് 25000/- രൂപയിൽ അധികരിക്കാത്ത തുക(ശുചിത്വമിഷൻ വിഹിതം-10000/-,ഗ്രാമപഞ്ചായത്ത് വിഹിതം-5000/- രൂപ ,എൻ.ആർ.എച്ച്.എം വിഹിതം-10000/- രൂപ ) വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി എരുമപ്പെട്ടി സി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് താഴെ ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നം/തിയതി | ചെക്ക് നം | തുക/വിഹിതം |
|---|---|---|
| 88/19.6.17 | 1909513/19.6.17 | 180000(ശുചിത്വമിഷൻ) |
| 21701278/20.2.18 | 1909550/20.2.18 | 90000(തനത് ഫണ്ട്) |
| | ആകെ | 270000 |

സർക്കുലർ പ്രകാരം 2017 ജൂൺ 30നകം ചെലവഴിക്കണം എന്ന നിബന്ധനയോടോയാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ നാളിതുവരെ തുക ചെലവഴിച്ചതിന്റെ ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.15/16.10.18)

## 3-13 അഗതി കുടുംബങ്ങൾക്കുള്ള ആശ്രയ പദ്ധതി- ആനുകൂല്യങ്ങൾ ലഭിക്കാത്തവർ ഇനിയും അവശേഷിക്കുന്നു.

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതി 2007 മുതൽ ഒന്നാം ഘട്ടവും,ആയതിന്റെ തുടർസേവന പ്രൊജക്ടും, 2015 മുതൽ രണ്ടാംഘട്ട പ്രൊജക്ടും നടപ്പാക്കിവരുന്നു.

അഗതി കുടുംബങ്ങൾക്കായി നടപ്പാക്കിവരുന്ന സേവനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സേവനം | ഒന്നാംഘട്ടം | | രണ്ടാംഘട്ടം | | |
|---|---|---|---|---|---|
| | ആകെ ഗുണഭോക്താക്കൾ (കുടുംബം) | ആനുകൂല്യം ലഭിച്ചവർ | ആകെ ഗുണഭോക്താക്കൾ | ആനുകൂല്യം ലഭിച്ചവർ | ബാക്കി |
| പോഷകാഹാരം | 34 | 34 | 78 | 68 | 10 അംഗങ്ങൾ മരണപ്പെട്ടു |

| | | | | | |
|---|---|---|---|---|---|
| വിദ്യാഭ്യാസം | 14 | 14 | 16 | 14 | 2 കുട്ടികൾ പഠനം നിർത്തി |
| ഭൂമി വാങ്ങൽ | 5 | 5 | 11 | 3 | 8 |
| ഭവനനിർമ്മാണം | 20 | 16 | 47 | 9 | 42 (ഒന്നാംഘട്ടത്തിലെ 3 പേർക്ക് ഐ.എ.വൈ വീട് ലഭിച്ചു.ഒരാൾ നിരസിച്ചു) |
| വീട് റിപ്പയർ | 14 | 14 | 20 | 6 | 14 |

2017-18 സാമ്പത്തികവർഷം ആശ്രയ പ്ലാൻഫണ്ട് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| മുന്നിരിപ്പ് | തൻവർഷം വരവ് | തൻവർഷം ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 2630000 | 739302 | 1385000 | 1984302 |

ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങിനൽകിയതിനു ശേഷം മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റു കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകാനുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാൻ പാടുള്ളൂ.ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവനനിർമ്മാണധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കണം.വീട് റിപ്പയർ നടപ്പാക്കുമ്പോഴും ആശ്രയ വിഭാഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.ആശ്രയ ഒന്നാംഘട്ടം.രണ്ടാംഘട്ടം എന്നിവയിൽ 42 കുടുംബങ്ങൾ ഭവന നിർമ്മാണ ധനസഹായം ലഭിക്കാൻ അർഹതയുള്ളവരായിട്ടുണ്ട്.എന്നാൽ 5 കുടുംബങ്ങൾക്കു മാത്രമുള്ള ധനസഹായം മാത്രമാണ് അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നത്.

തദ്ദേശസ്വയംഭരണവകുപ്പിന്റെ സ.ഉ.(എം.എസ്)നം.151/2017/ത.സ്വ.ഭ.വ തിയതി 31.7.17 സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ നിർദ്ദേശപ്രകാരം ലൈഫ് മിഷൻ ഗുണഭോക്തൃപട്ടിക തയ്യാറാക്കുമ്പോൾ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് എല്ലാവർക്കും വീട് എന്ന ലക്ഷ്യം മുൻ നിർത്തുമ്പോൾ തന്നെ ഏറെ ക്ലേശമനുഭവിക്കുന്നവർക്ക് വേഗത്തിൽ ധനസഹായമെത്തിക്കുക എന്ന ലക്ഷ്യം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

ആശ്രയയിൽ ഉൾപ്പെട്ട ഭവനനിർമ്മാണ ധനസഹായത്തിനായി കാത്തിരിക്കുന്ന ഗുണഭോക്താക്കളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കാനുള്ള നടപടികൾ, അഗതി കുടുംബങ്ങളെ ഘട്ടംഘട്ടമായി സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിന്റെ ഭാഗമായി സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടികളുംസ്വീകരിക്കേണ്ടതാണ്.

# 3-14 ആശ്രയ-വനിത ഭവന നിർമ്മാണം-വനിതാ ഘടകപദ്ധതിയിൽ ഏറ്റെടുത്തു

പതിമൂന്നാം പഞ്ചവത്സരപദ്ധതി പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്)72/2017 ത.സ്വ.ഭ.വ തീയതി.29.3.17 ക്രമ നം. 13.3 പ്രകാരം വനിതകളുടെ സാമൂഹ്യ സാമ്പത്തികപദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടകപദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്ത്രീകളുടെ തൊഴിലും, വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. വനിതാഘടകപദ്ധതിയിൽ ഏറ്റെടുക്കാവുന്ന പൊതു പ്രൊജക്ടുകളുടെ വിവരങ്ങളും പ്രസ്തുത

ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഈ നിർദ്ദേശങ്ങളിൽ നിന്നും വ്യത്യസ്തമായി ആശ്രയ ഭവനനിർമ്മാണം വനിത എന്ന പ്രൊജക്ട് വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്.

വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്താൻ അനുയോജ്യമായ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-15 പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് ആശ്രയ-ഭവന നിർമ്മാണം-പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

പതിമൂന്നാം പഞ്ചവത്സരപദ്ധതി പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്)72/2017 ത.സ്വ.ഭ.വ തീയതി.29.3.17 ക്രമനം.13.8പ്രകാരം പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനാണ് അടിസ്ഥാന സേവനഉപപദ്ധതി തയ്യാറാക്കേണ്ടത് .ആ വിഭാഗത്തിൽ ചുവടെയുള്ള പ്രവർത്തനങ്ങൾക്ക് പ്രൊജക്ട് ഏറ്റെടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1. ശുചിത്വം,കക്കൂസ് മാലിന്യപരിപാലനം

2.മലിനജല നിർഗ്ഗമനം,ഖരമാലിന്യപരിപാലനം

3.ശ്മശാനങ്ങൾ സ്ഥാപിക്കൽ

4.കുടിവെള്ള വിതരണം

5.നടപ്പാതകളുടെ നിർമ്മാണം,തെരുവു വിളക്കുകൾ സ്ഥാപിക്കൽ

6.ഗ്രാമപഞ്ചായത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം,സംരക്ഷണം

ഇതിൽ നിന്നും വ്യത്യസ്തമായി പതിനാലാംധനകാര്യ കമ്മീഷൻ ഗ്രാന്റ് ഭവനനിർമ്മാണത്തിനായി വകയിരുത്തുകയും തുക ചെലവഴിക്കുകയും ചെയ്തു.

പദ്ധതിയുടെ വിഭവസ്രോതസ്സുകൾ കണ്ടെത്തുക,അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക, പദ്ധതി കണക്കുകൾ കൃത്യമായും ചിട്ടയായും തയ്യാറാക്കുക,പൊതു ഭരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രൊജക്ടുകൾ ശുപാർശ ചെയ്യുക എന്നിവ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചുമതലയാണ്.മേൽ പ്രൊജക്ടിന്റെ കാര്യത്തിൽ വിഭവസ്രോതസ്സായി പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉൾപ്പെടുത്തി, പ്രൊജക്ട് ശുപാർശ ചെയ്തത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നില്ല എന്നു വ്യക്തമാക്കുന്നു. പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിനു മുമ്പ് വിഭവ സ്രോതസ്സുകളുടെ കൃത്യമായ വിവരങ്ങൾ കണക്കാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 കുടിവെള്ളപദ്ധതികൾ-കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

2017-18 സാമ്പത്തികവർഷം ഏകദേശം 20- ഓളം കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും അടവാക്കി വരുന്നു.ജി.ഒ(ആർ.ടി)3065/2016 ത.സ്വ.ഭ.വ തിയതി 10.11.16 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ ഗുണഭോക്താക്കളായ കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾ,

ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചിട്ടുള്ള കുടിവെള്ളപദ്ധതികൾ, ഗുണഭോക്തൃകമ്മിറ്റി അംഗങ്ങൾ എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

എസ്.സി.വിഭാഗക്കാർ മാത്രം ഗുണഭോക്താക്കളായ കുടിവെള്ളപദ്ധതികൾ ഒഴികെ മറ്റുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്തൃസമിതി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം ഗ്രാമപഞ്ചായത്തിന് ഏറ്റെടുത്ത് നടത്താവുന്നതും കുടിവെള്ള പദ്ധതി ഗുണഭോക്താക്കളിൽ നിന്ന് വാട്ടർചാർജ് പിരിക്കാവുന്നതുമാണ്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് കുടിവെള്ള പദ്ധതികൾ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ടതാണ്. രജിസ്റ്റർ തയ്യാറാക്കി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ഊരുക്കൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക,ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടെയും തുടർന്ന് വികസനസെമിനാറിന്റെയും പരിഗണനയ്ക്ക് സമർപ്പിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാനപ്പെട്ട ചുമതലകൾ. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.ആയതിൽ വനിതാവികസനവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ 27.1.18,3.3.18ലെ യോഗങ്ങളിൽ വികലാംഗ വനിതാ തയ്യൽപരിശീലന കേന്ദ്രത്തിലേക്ക് തയ്യൽ മെഷീൻ,ഡബിൾ മെഷീൻ വാങ്ങുക,കെട്ടിടത്തിന്റെ ട്രസ് വർക്ക് നടത്തുക എന്നീ നിർദ്ദേശങ്ങൾ ചർച്ച ചെയ്തതായി കാണുന്നു. എന്നാൽ 2016-17 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വികലാംഗ തൊഴിൽ പരിശീലനകേന്ദ്രത്തിലേക്ക് പ്രൊ.നം.179/17 പ്രകാരം ഭിന്നശേഷിയുള്ള വ്യക്തികൾക്ക് തയ്യൽ പരിശീലനം നൽകുന്നതിനായി കട്ടിംഗ് ടേബിൾ,സ്റ്റീൽ റാക്ക്,സ്റ്റൂൾ,കസേര,തയ്യൽമെഷീൻ,ഓവർലോക്ക് മെഷീൻ,ഇലക്ട്രിക് മോട്ടോർ,കത്രിക,അളവ് ടേപ്പ് എന്നീ ഉപകരണങ്ങൾ വാങ്ങിനൽകിയതായും ആയത് ഉപയോഗപ്പെടുത്തിയിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 23.8.17 ലെ 5(1) ഭരണസമിതി തീരുമാനത്തിൽ വനിതാ സംരംഭകർ ഇല്ലാത്തതിനാൽ വനിതാ തൊഴിൽപരിശീലനകേന്ദ്രം വാടകയ്ക്ക് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

2016-17 ലെ പ്രൊജക്ട് പ്രകാരം ഉപകരണങ്ങൾ വാങ്ങിയതോ,ആയവ പ്രവർത്തനമില്ലാതെ ഇരിക്കുന്നതോ വർക്കിംഗ് ഗ്രൂപ്പുകൾ പരിശോധിച്ചിട്ടില്ല.വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറി പ്രൊജക്ടുകളുടെ മോണിറ്ററിംഗ് യഥാസമയം നിർവ്വഹിച്ചിട്ടില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. 2017-18, 2018-19 ലും ഇതേ നിർദ്ദേശങ്ങൾ നൽകിയത് പ്രൊജക്ട് രൂപീകരണ ഘട്ടത്തിൽ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പ് കൃത്യമായി നടക്കുന്നത് എന്നു വ്യക്തമാക്കുന്നു. മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.13/16.10.18)

## 3-18 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാര്യക്ഷമതക്കുറവ്

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ ,യിൽ വിശദമായി നിർദ്ദശങ്ങളുണ്ട്. എന്നാൽ പ്രൊജക്ടുകളുടെ ആസൂത്രണം, ഫണ്ട് വകയിരുത്തൽ, നിർവ്വഹണം,മോണിട്ടറിംഗ് എന്നിവ നിർവ്വഹിക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെയും

ഫലപ്രാപ്തിയേയും ബാധിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

1. റോഡ് കണക്റ്റിവിറ്റി പ്ലാൻ,ഭൂപടം എന്നിവ തയ്യാറാക്കിയിട്ടില്ല

ഗതാഗതമേഖലയിലെ പ്രൊജക്ട് നിർവ്വഹിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 12.10(1) ൽ അനുശാസിക്കുന്നു. ഓരോ റോഡ് നിർമ്മാണ പ്രവൃത്തിയോടൊപ്പവും റോഡ് കണക്റ്റിവിറ്റി ഭൂപടത്തിൽ പ്രസ്തുത റോഡിന്റെ ഭാഗം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ റോഡ് കണക്റ്റിവിറ്റി ഭൂപടവും പദ്ധതിയും തയ്യാറാക്കാതെയാണ് ഗതാഗതമേഖലയിലെ പ്രൊജക്ടുകൾ നടപ്പാക്കിയിരിക്കുന്നത്.

2. ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

സംരക്ഷണഗ്രാന്റും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 13.6(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കാതെയാണ് ആസ്തി സംരക്ഷണപ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നത്.

3. വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാനായില്ല

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പാക്കിയത് | നടപ്പാക്കിയതിന്റെ ശതമാനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പ്രൊജക്ടുകൾ / വകയിരുത്തിയ തുക | 113 | 71 | 63 | 41209176 | 22453383 | 54 |

അംഗീകാരം ലഭിച്ചവയിൽ 63% പ്രൊജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. വകയിരുത്തിയ തുകയുടെ 54% ഇതിനായി ചെലവഴിച്ചു. ആകെ വകയിരുത്തിയ 41209176 രൂപയിൽ 22453383 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ലഭ്യമായ ഫണ്ട് ഉപയോഗിക്കാതിരിക്കുന്നത് മൂലം പൊതുജനങ്ങൾക്ക് വികസനം നിഷേധിക്കുകയോ വികസനത്തിന് കാലതാമസം വരികയോ ചെയ്യുന്നു.

4.നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തുന്നില്ല

മാർഗ്ഗരേഖയിലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല.

5. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ അപാകതകൾ

1. ആസ്തി രജിസ്റ്ററിന്റെ അച്ചടി പകർപ്പ് കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ സചിത്ര സോഫ്റ്റ് വെയറിൽ

കാലികമാക്കിവരുന്നുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. എന്നാൽ സാങ്കേതിക തകരാറുമൂലം ചില രേഖപ്പെടുത്തലുകൾ സചിത്രയിൽ ശരിയായി വരുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്.

2. ജി.ഒ.(പി) നം. 177/2006/21.3.2006 ലെ ഖണ്ഡിക 18.3 പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും ടി.ആർ. 7 എ ഫാറത്തിലുള്ള കാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടി.ആർ. 7 എ ഫാറത്തിലുള്ള കാഷ്ബുക്ക് അല്ല അസിസ്റ്റന്റ് എഞ്ചിനീയർ സൂക്ഷിക്കുന്നത്.

3. ജി.ഒ.(പി) നം. 177/2006/21.3.2006 ലെ 26.6 പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അനുബന്ധം B-V ഫോറത്തിലുള്ള പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. അസി.എഞ്ചിനീയർ നിശ്ചിത ഫോറത്തിലുള്ള പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6. നിർമ്മാണപ്രവൃത്തികളുടെ വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടില്ല

മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6(5)പ്രകാരം നിർമ്മാണപ്രവൃത്തികളുടെ പ്രധാന വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ബോർഡ് പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 17.10.2018 ലെ ഓഡിറ്റ് എൻക്വയറി നം. 16 ന് തന്ന മറുപടിയിൽ ബോർഡുകൾ സ്ഥാപിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച രീതിയിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നതിനും വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി,ഭരണസമിതി എന്നിവയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-19 പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു

മാർഗ്ഗരേഖയിലെ ഖണ്ഡിക 13.8(1)(vii) അനുസരിച്ച് റോഡ് സംരക്ഷണം,പരിപാലനം എന്നീ പ്രവർത്തനങ്ങൾക്ക് പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. തദ്ദേശഭരണവകുപ്പിന്റെ 10.11.2017ലെ ഡി.എ. 1/859/2017/തസ്വഭവ ാം നം സർക്കുലറിൽ പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പുതിയ കോൺക്രീറ്റിംഗും ടാറിംഗും ചെയ്യാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ റോഡിന്റെ പരിപാലനത്തിന്റേയും സംരക്ഷണത്തിന്റേയും ഭാഗമായി മാത്രമേ കോൺക്രീറ്റിംഗും ടാറിംഗും നടത്താവൂ എന്നും സർക്കുലറിൽ പറയുന്നു. എന്നാൽ ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്തിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് പുതിയ കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം./ചെലവഴിച്ച തുക | കുറിപ്പുകൾ |
|---|---|---|---|---|
| 1. | 111/18 | മുല്ലക്കൽ വാരിയത്ത് പടി റോഡ് കോൺക്രീറ്റിംഗ് | 46/17.2.18; 432989 | വെള്ളം ഒഴുകി വരുന്ന റോഡായതിനാലും ചിലഭാഗങ്ങളിൽ വീതി കുറഞ്ഞ് |

| | | | | |
|---|---|---|---|---|
| | | | | വരുന്നതിനാലും കോൺക്രീറ്റ് ചെയ്യുന്നതായി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ |
| 2. | 97/18 | നാലാംകല്ല് നായാട്ടുപാറ റോഡ് കോൺക്രീറ്റിംഗ് | 28/22.1.18; 531125 | പുതിയ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് |
| 3. | 177/18 | വെള്ളക്കുന്ന് ലിങ്ക് റോഡ് പൂർത്തീകരണം | 8/19.6.17; 57426 | നിലവിൽ സോളിംഗ് കഴിഞ്ഞ് കിടക്കുന്ന റോഡിന് വെള്ളം ഒഴുകി വരുന്ന ഭാഗങ്ങളിൽ കൂടുതൽ ഉറപ്പ് കിട്ടുന്നതിന് കോൺക്രീറ്റ് ചെയ്യുന്നതിന് |
| 4. | 85/18 | കുണ്ടന്നൂർ പുത്തൻപുഴ റോഡ് കോൺക്രീറ്റിംഗ് | 27/22.1.18; 377173 | പുതിയ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് |
| 5. | 35/18 | ഉമിക്കുന്ന് കുന്നത്തേരി NSS റോഡ് കോൺക്രീറ്റിംഗ് | | പുതിയ റോഡ് കോൺക്രീറ്റിംഗ് |

ഇത് സംബന്ധിച്ച് നൽകിയ 17.10.2018 ലെ ഓഡിറ്റ് എൻക്വയറി നം. 16 ന് തന്ന മറുപടിയിൽ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് (തീരുമാനം നം.10/17 തിയതി 22.09.2017) അത്തരം പ്രവൃത്തികൾ നടപ്പാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയുടെ അനുബന്ധം-3 പ്രകാരം പദ്ധതിയുടെ വിഭവസ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക,തയ്യാറാക്കിയ പ്രൊജക്ടുകളുടെ നിയമസാധുതയും കൃത്യതയും ഉറപ്പുവരുത്തി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അംഗീകരിച്ച് ഭരണസമിതിക്ക് ശുപാർശ ചെയ്യുക എന്നിവ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് ഭരണസമിതി പദ്ധതി അംഗീകരിക്കുന്നത്. ഇത്തരത്തിൽ ഫണ്ട് വകയിരുത്തുമ്പോൾ സർക്കാർ നിർദ്ദശങ്ങൾ പാലിക്കേണ്ടതുമാണ്. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രവർത്തനങ്ങളിൽ നിന്നും വ്യതിചലിച്ചാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക വകയിരുത്തിയിരിക്കുന്നത്. ഇക്കാര്യം ഭരണസമിതിയുടെയും ധനകാര്യസ്റ്റാന്റിംഗ്കമ്മിറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-20 നിക്ഷേപപ്രവൃത്തികളായി നടത്തിയ കുടിവെള്ളപദ്ധതികൾ-അപാകതകൾ

മാർഗ്ഗരേഖയിലെ ഖണ്ഡിക 8.3(17) പ്രകാരം ഒരു നിർമ്മാണപ്രവൃത്തിക്ക് കേരള ജല അതോറിറ്റി, കേരള സംസ്ഥാനവൈദ്യുതി ബോർഡ്,ഭൂജലവകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകണമെങ്കിൽ ആ

പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശഭരണസ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണസ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ.

തൻവർഷം ഭൂജലവകുപ്പിലും കേരള ജല അതോറിറ്റിയിലും കുടിവെള്ളപദ്ധതികൾ നടപ്പാക്കുന്നതിനായി മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മേൽപറഞ്ഞ നിബന്ധനകൾ പാലിക്കാതെയാണ് മുൻകൂർ നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്/പ്രൊജക്ട് നം | ട്രഷറി ബിൽ നം/തിയതി | നിക്ഷേപിച്ച തുക₹ | അപാകതകൾ |
|---|---|---|---|
| ഭൂജലവകുപ്പിൽ നിക്ഷേപിച്ച പ്രവൃത്തികൾ | | | |
| ആറ്റത്ര കോട്ടപ്പുറം കുടിവെള്ളപദ്ധതി; 106/18 | 19/ 20.9.17 | 500000 | ഭൂജലവകുപ്പ് തൃശ്ശൂർ ജില്ലാ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകിയ ഒരു എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നിക്ഷേപിച്ചിരിക്കുന്നത്. പ്രസ്തുത എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. ഭൂജലവകുപ്പ് ജില്ലാ ഓഫീസറുമായി ഏർപ്പെട്ട കരാറിൽ കരാർ തിയതി,പൂർത്തീകരണതിയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കരാറിലെ 7-ാം വ്യവസ്ഥ പ്രകാരം പ്രവൃത്തി പൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോമൻസ് റിപ്പോർട്ടും പൂർത്തീകരണ സാക്ഷ്യപത്രവും പഞ്ചായത്തിന് നൽകുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഇതേ വരേയും പ്രവൃത്തി പൂർത്തിയായിട്ടില്ല. |
| കാക്കനാട് മിച്ച ഭൂമി കുടിവെള്ളപദ്ധതി; 132/18 | 20/ 19.9.17 | 700000 | ഭൂജലവകുപ്പ് തൃശ്ശൂർ ജില്ലാ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകിയ സാങ്കേതികാനുമതി ലഭിച്ചിട്ടില്ലാത്ത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നിക്ഷേപിച്ചിരുന്നത്. പൂർത്തീകരണ സാക്ഷ്യപത്രവും ഫൈനൽ ബില്ലിന്റെ അപൂർണ്ണമായ(പല പേജുകളും ഇല്ലാത്ത) ഒരു പകർപ്പും ലഭ്യമായിട്ടുണ്ട്. ഭൂജലവകുപ്പ് തൃശ്ശൂർ ജില്ലാ ഓഫീസറുടെ 23.7.2018 ലെ DGT/4591/2017(B-1) പ്രകാരം മൊത്തം ചെലവ് 724859 രൂപയായതായും ബാക്കി 24859 രൂപ( 724859-700000) നൽകുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. തുക |

| | | | |
|---|---|---|---|
| | | | നിക്ഷേപിക്കുന്നതിനായി ജില്ലാ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകിയ എസ്റ്റിമേറ്റിലെ ഇനങ്ങൾ പലതും ഫൈനൽ ബില്ലിൽ മാറിയിട്ടുണ്ട്. ഉദാഹരണത്തിന് എസ്റ്റിമേറ്റിൽ ഇല്ലാതിരുന്ന മൊബൈൽ ഓപ്പറേറ്റഡ് കൺട്രോൾ സിസ്റ്റം സ്ഥാപിച്ചതിന് അന്തിമബില്ലിൽ 13950 രൂപ ഇടാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന നിരക്കുകളേക്കാൾ കൂടിയ നിരക്കാണ് ഫൈനൽ ബില്ലിൽ കണക്കാക്കിയിരിക്കുന്നത്. ജില്ലാ ഓഫീസറുമായി ഏർപ്പെട്ട കരാറിലെ 3-ാത്തെ വ്യവസ്ഥ പ്രകാരം അനിവാര്യമായ കാരണങ്ങളാൽ നിർമ്മാണ ചെലവ് എസ്റ്റിമേറ്റ് തുകയിലും അധികമാകുകയാണെങ്കിൽ ആയതിനായുള്ള വിശദമായ പുതുക്കിയ എസ്റ്റിമേറ്റ് ഗ്രൗണ്ട് വാട്ടർ തയ്യാറാക്കി നൽകുമെന്നും പറഞ്ഞിരുന്നു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റും പഞ്ചായത്തിന് നൽകിയിട്ടില്ല. ഇനങ്ങളുടെ നിരക്ക് വർദ്ധന സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുമില്ല. കൂടാതെ ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ 23809 രൂപയും (3.5%) ഈടാക്കിയിട്ടുണ്ട്. |
| എസ് സി.സങ്കേതങ്ങളിൽ ഗാർഹിക കുടിവെള്ളകണക്ഷൻ;<br><br>119/18 | 22/ 4.10.17 | 1000000 | ഭൂജലവകുപ്പ് തൃശ്ശൂർ ജില്ലാ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകിയ സാങ്കേതികാനുമതി ലഭിച്ചിട്ടില്ലാത്ത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നിക്ഷേപിച്ചിരുന്നത്. പൂർത്തീകരണ സാക്ഷ്യപത്രവും ഫൈനൽ ബില്ലിന്റെ ഒരു പകർപ്പും ലഭ്യമായിട്ടുണ്ട്. ഭൂജലവകുപ്പ് തൃശ്ശൂർ ജില്ലാ ഓഫീസറുടെ 31.5.2018 ലെ DGT/4819 /2017ാം നമ്പർ കത്തിൽ മൊത്തം ചെലവ് 1206808 രൂപയായതായും ബാക്കി 206808 രൂപ( 1206808-1000000) നൽകുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. തുക നിക്ഷേപിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | ജില്ലാ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകിയ എസ്റ്റിമേറ്റിലെ ഇനങ്ങൾ പലതും ഫൈനൽ ബില്ലിൽ മാറിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന നിരക്കുകളേക്കാൾ കൂടിയ നിരക്കാണ് ഫൈനൽ ബില്ലിൽ കണക്കാക്കിയിരിക്കുന്നത്. ജില്ലാ ഓഫീസറുമായി ഏർപ്പെട്ട കരാറിലെ 3-ാത്തെ വ്യവസ്ഥ പ്രകാരം അനിവാര്യമായ കാരണങ്ങളാൽ നിർമ്മാണ ചെലവ് എസ്റ്റിമേറ്റ് തുകയിലും അധികമാകുകയാണെങ്കിൽ ആയതിനായുള്ള വിശദമായ പുതുക്കിയ എസ്റ്റിമേറ്റ് ഗ്രൗണ്ട് വാട്ടർ തയ്യാറാക്കി നൽകുമെന്നും പറഞ്ഞിരുന്നു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റും പഞ്ചായത്തിന് നൽകിയിട്ടില്ല. ഇനങ്ങളുടെ നിരക്ക് വർദ്ധന സംബന്ധിച്ച് കരാറില വ്യവസ്ഥ ചെയ്തിട്ടുമില്ല. കൂടാതെ ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ 40809.55 രൂപയും (3.5%) ഈടാക്കിയിട്ടുണ്ട്. |
| തെക്കേക്കര കുടിവെള്ള പദ്ധതി; 50/18 | 21/ 19.9.17 | 500000 | ഭൂജലവകുപ്പ് തൃശ്ശൂർ ജില്ലാ ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകിയ ഒരു എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നിക്ഷേപിച്ചിരിക്കുന്നത്. പ്രസ്തുത എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. ഭൂജലവകുപ്പ് ജില്ലാ ഓഫീസറുമായി ഏർപ്പെട്ട കരാറിൽ കരാർ തിയതി,പൂർത്തീകരണതിയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കരാറിലെ 7-ാം വ്യവസ്ഥ പ്രകാരം പ്രവൃത്തി പൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ ഫൈനൽ ബില്ലിന്റ പകർപ്പും പെർഫോമൻസ് റിപ്പോർട്ടും പൂർത്തീകരണ സാക്ഷ്യപത്രവും പഞ്ചായത്തിന് നൽകുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഇതേ വരേയും പ്രവൃത്തി പൂർത്തിയായിട്ടില്ല. |
| കേരള ജല അതോറിറ്റിയിൽ നിക്ഷേപിച്ച പ്രവൃത്തികൾ | | | |
| ചാത്തംകുളം ഇടവഴി പൈപ്പ് ലൈൻ; | 74/ 31.3.18 | 100000 | കേരള ജല അതോറിറ്റിയുമായി |

| | | | |
|---|---|---|---|
| 163/18 | | | കരാറില്ലാതെയാണ് മുൻകൂർ നൽകിയിരിക്കുന്നത്. പ്രവൃത്തി പൂർത്തിയായിട്ടില്ല. |
| ആകെ | | 2800000 | |

മേൽ അപാകതകൾക്ക് വിശദീകരണം ലഭിക്കുന്നതുവരെ 2800000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-21 ടെണ്ടർ ഫീസ് ലഭ്യമായില്ല

പഞ്ചായത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ നടത്തുമ്പോൾ കരാറുകാർ അടക്കുന്ന ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. എന്നാൽ നാളിതുവരെ നടത്തിയ ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീസ് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ഈയിനത്തിൽ ഇതേവരെ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങളും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. തൻവർഷം നടത്തിയ ഇ-ടെണ്ടറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്/നം /അടങ്കൽ | ടെണ്ടർ ഫീസ് | പങ്കെടുത്തവരുടെ എണ്ണം | ലഭിക്കേണ്ട തുക |
|---|---|---|---|---|
| 1. | 62/18,മുരിങ്ങത്തേരി മഞ്ഞൻകുഴി റോഡ് മെറ്റലിംഗ്/₹500000 | 1000 | 3 | 3000 |
| 2. | 85/18,കുണ്ടന്നൂർ പുത്തൻപുഴ റോഡ് കോൺക്രീറ്റിംഗ്/₹500000 | 1000 | 5 | 5000 |
| 3. | 93/18,നാണിക്കുന്ന് മുസ്ലീം പള്ളി റോഡ്/₹1000000 | 2000 | 3 | 6000 |
| 4. | 97/18,നാലാംകല്ല് നായാട്ടുപാറ റോഡ് കോൺക്രീറ്റിംഗ്/₹687000 | 1400 | 5 | 7000 |
| 5. | 56/18,കാർത്ത്യായനി അമ്പലം റോഡ് ടാറിംഗ്/₹800000 | 1600 | 3 | 4800 |
| ആകെ | | | | 25800 |

പഞ്ചായത്തിന്റെ തനത് വരുമാനമായ ടെണ്ടർ ഫീസ് തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടെണ്ടർ ഫീസ് ഇനത്തിൽ ലഭ്യമാകേണ്ട തുകയുടെ വിശദാംശങ്ങൾ നിരീക്ഷിക്കാൻ ആവശ്യമായ നടപടികളും പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-22 റീടെൻഷൻ തുക രണ്ട് പ്രാവശ്യം പിൻവലിച്ചു

പ്രൊജക്ടിന്റെ പേര് : പുലിക്കോടൻ റോഡ് ടാറിംഗ്

പ്രൊജക്ട് നം. : 202/16,189/18

വകയിരുത്തിയ തുക : 250000 (റോഡ്സംരക്ഷണഗ്രാന്റ് )

സാങ്കേതികാനുമതി : നം. 390/wky/15-16 dt.4.9.15; ₹ 250000

കരാറുകാരൻ : ശ്രീ. എൻ.എ. ഫ്രാൻസിസ്

ചെലവഴിച്ച തുക :ട.ബി.നം.137/21.3.16;₹185434(ഒന്നാം പാർട്ട് ബിൽ)

ട.ബി.നം.11/16.6.18; ₹62520(അന്തിമ ബിൽ)

അളവ് പുസ്തകം : 50/15-16,8/17-18

മേൽ പ്രവൃത്തിക്ക് ഒന്നാം പാർട്ട് ബിൽ പ്രകാരം ₹185434പിൻവലിച്ചിരുന്നു. ഇതിൽ നിന്നും ₹18543 കരാറുകാരന്റെ റീടെൻഷൻ തുക ഇനത്തിൽ ( 185434x10/100) എസ്.ടി.എസ്.ബി.-6 എന്ന തനത് ഫണ്ട് അക്കൗണ്ടിലേക്ക് (ചലാൻ നം.373/21.3.16 )അടവാക്കിയിരുന്നു. പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 229411 രൂപയാണ്. ഇതനുസരിച്ച് രണ്ടാമത്തേയും അവസാനത്തേതുമായ ബിൽ പ്രകാരം പിൻവലിക്കേണ്ട തുക 43977 രൂപയായിരുന്നു (229411-185434). എന്നാൽ റീടെൻഷൻ തുകയായിരുന്ന 18543 രൂപയടക്കം 62520 രൂപ പിൻവലിക്കുകയും കരാറുകാരന് നൽകേണ്ട തുകയോടൊപ്പം റീടെൻഷൻ തുക കൂടി നൽകുകയും ചെയ്തു. ഇപ്രകാരം 18543 രൂപ അധികം പിൻവലിച്ചിട്ടുണ്ട്( 229411-(185434+ 62520)). ഈ സാഹചര്യത്തിൽ ഒന്നാം പാർട്ട് ബില്ലിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന റീടെൻഷൻ തുകയായ 18543 രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കേണ്ടതാണ്.

## 3-23 വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

വിവിധ റോഡുകൾക്കായി തൻവർഷം പഞ്ചായത്തിന് വിട്ടുകിട്ടിയ ഭൂമിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇവ പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റുന്നതിനും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുമുള്ള ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. വിട്ടുകിട്ടിയ ഭൂമി പഞ്ചായത്തിന്റെ ഭൂമിയാക്കി മാറ്റുന്നതിനും ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| വില്ലേജ് | സർവ്വെ നം | അളവ് | ഭരണസമിതി തീരുമാനം |
|---|---|---|---|
| ചിറ്റണ്ട | 123/2 | 236 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും പോസ്റ്റ് ഓഫീസ് റോഡിനായി വിട്ടുകിട്ടിയത് | 10/25.4.17 |
| ,, | 23/1 | 27 സെന്റ് പൂങ്ങോട്ടുകുളം റോഡിന് വിട്ടുകിട്ടിയത് | 1/4-9.6.17 |
| കരിയന്നൂർ | 237 | 34 മീറ്റർ നീളത്തിലും 2.60 മീറ്റർ വീതിയിലും റോഡിനായി വിട്ടുകിട്ടിയത് | 1/34-21.6.17 |
| കോട്ടപ്പുറം | 517 | 13.886 സെന്റ് റോഡിനായി വിട്ടുകിട്ടിയത് | 1/37-29.11.17 |
| ,, | 518/p | 1 ആർ 82 ച.മീ. റോഡിനായി വിട്ടുകിട്ടിയത് | 1/37-29.11.17 |

## 3-24 ആസ്തികൾ നിഷ്ക്രിയമായി കിടക്കുന്നു

വിവിധവർഷങ്ങളിലായി പ്രൊജക്ടുകളിൽ തുക വകയിരുത്തി നിർമ്മാണം നടത്തിയ പല ആസ്തികളും ഇപ്പോഴും പ്രവർത്തനക്ഷമമായിട്ടില്ല. ഈ ആസ്തികൾക്ക് വേണ്ടി വകയിരുത്തിയ തുകയുടേയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ (അവലംബം-സുലേഖ ചെലവ് പത്രിക) ചുവടെ ചേർക്കുന്നു.

1. എസ്.സി വനിത തൊഴിൽ പരിശീലനകേന്ദ്രം

| വർഷം | പ്രൊജക്ട്നം/പേര് | വകയിരുത്തിയ തുക₹ | ചെലവഴിച്ച തുക₹ | നിലവിലെ അവസ്ഥ* |
|---|---|---|---|---|
| 2014-15 | 138/15, എസ്.സി. വനിതാ തൊഴിൽ പരിശീലന കേന്ദ്രം | 2000000 | 1936960 | പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ 17.10.18 ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ വൈദ്യുതീകരണം നടത്തിയിട്ടില്ലെന്നും വ്യവസായപാർക്ക് പ്രവർത്തനരഹിതമായി കിടക്കുകയാണെന്നും വ്യക്തമായി. |

2. ബഡ്സ് സ്കൂൾ

| വർഷം | പ്രൊജക്ട്നം/പേര് | വകയിരുത്തിയ തുക₹ | ചെലവഴിച്ച തുക₹ | നിലവിലെ അവസ്ഥ* |
|---|---|---|---|---|
| 2015-16 | 193/16,ബഡ്സ് സ്കൂൾ നിർമ്മാണം | 850000 | 169693 | പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ 17.10.18 ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ വൈദ്യുതീകരണം നടത്തിയിട്ടില്ലെന്നുംബഡ്സ് സ്കൂൾ ആരംഭിച്ചിട്ടില്ലെന്നും വ്യക്തമായി. |
| 2016-17 | 28/17,ബഡ്സ് സ്കൂൾനിർമ്മാണം | 680307 | 619733 | |
| ആകെ | | 1530307 | 789426 | |

3. പകൽവീട്

| വർഷം | പ്രൊജക്ട്നം/പേര് | വകയിരുത്തിയ തുക₹ | ചെലവഴിച്ച തുക₹ | നിലവിലെ അവസ്ഥ* |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2014-15 | 91/15, പകൽവീട് | 287500 | 250000 | പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ 17.10.18 ന് നടത്തിയ സ്ഥലപരിശോധനയിൽ പകൽ വീട് പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും വ്യക്തമായി. കെട്ടിടത്തിന്റെ വൈദ്യുതീകരണം നടന്നിട്ടുണ്ടെങ്കിലും ജലലഭ്യത ഉറപ്പുവരുത്തിയിട്ടില്ല. |
| 2014-15 | 59/15,പകൽവീട് രണ്ടാം ഘട്ടം | 249464 | 62500 | |
| 2014-15 | 143/15,പകൽവീട് രണ്ടാം ഘട്ടം | 160359 | 160359 | |
| 2014-15 | 193/15, പകൽവീട് മൂന്നാം ഘട്ടം | 100000 | 98497 | |
| 2015-16 | 206/16,പകൽ വീട് ഇലക്ട്രിഫിക്കേഷൻ | 64000 | 36688 | |
| 2016-17 | 8/17, പകൽ വീട് ട്രസ്സ് വർക്ക്& ഇലക്ട്രിഫിക്കേഷൻ | 336000 | 172952 | |
| ആകെ | | 1197323 | 780996 | |

* 17.10.18 ലെ സ്ഥലപരിശോധനാ റിപ്പോർട്ട്

പ്രത്യേക ഉദ്ദേശ്യത്തോടെ നിർമ്മിച്ച മേൽ പറഞ്ഞ കെട്ടിടങ്ങൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 2016-17 | 200000 | s048/17 പാലിയേറ്റീവ് കെയർ പ്രോഗ്രാം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 2016-17 | 1350 | s069/17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1350 | 0 |
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 2017-18 | 50000 | S088/18 ക്ഷീരകർഷകർക്ക് സബ്സിഡ് | 50000 | 0 |
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 2017-18 | 3,50,000 | s002/18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,50,000 | 0 |
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 2017-18 | 5,60,000 | S008/18 സമഗ്ര നെല്ല് കൃഷി വികസനം | 5,60,000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വടക്കാഞ്ചേരി | 2017-18 | 1,10,000 | S088/18 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1,10,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വടക്കാഞ്ചേരി | 2017-18 | 3,50,000 | s002/18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,50,000 | |
| ബ്ലോക്ക് പഞ്ചായത്ത് വടക്കാഞ്ചേരി | 2017-18 | 5,60,000 | S008/18 സമഗ്ര നെൽ കൃഷി വികസനം | 5,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വടക്കാഞ്ചേരി | 2017-18 | 17,50,000 | SO118/18 MRF യൂണിറ്റ് നിർമ്മാണം | 0 | 17,50,000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തികരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB,കുണ്ടന്നൂർ | സ്ട്രീറ്റ്മെയിൻ വലിക്കൽ(201/18) | 21701281 | 1147950 | 0 | - | 1147950 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | കൊട്ടുമ്പ് കുടിവെള്ള പദ്ധതി(126/18) | 21701141 | 150000 | 150000 | പൂർത്തീകരിച്ചു | 0 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | നെല്ലിക്കപ്പറമ്പ് കോളനി കുടിവെള്ള പദ്ധതി (202/18) | 21701131 | 150000 | 0 | - | 150000 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | എരുമപ്പെട്ടി ബി.എസ്.എൻ.എൽപരിസരം കുടിവെള്ള പദ്ധതി(217/17) | 21601080 | 450000 | 450000 | പൂർത്തീകരിച്ചു | 0 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | മുരിങ്ങത്തേരി കുടിവെള്ള പദ്ധതി(156/17) | 21601081 | 200000 | 200000 | പൂർത്തീകരിച്ചു | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതി നമ്പർ/തിയതി |
|---|---|---|---|---|
| 2016-17 | 2-3 | 100 | മാവേലി സ്റ്റോർ | 117040103243/16.11.17 |
| 2016-17 | 2-3 | 2500 | രാധാകൃഷ്ണഫിനാൻസ് (പ്രൈ) ലിമിറ്റഡ് | 117040103252/17.11.17 |
| 2016-17 | 2-3 | 450 | ഖാദി പ്രൊഡക്ഷൻസെന്റർ | 117040103262/18.11.17 |
| 2016-17 | 2-1 | 3970 | ഖാദി വ്യവസായ അസോസിയേഷൻ | 117040102316/22.08.17 |
| 2016-17 | 2-4 | 4074 | മാവേലി സ്റ്റോർ | 11703090006/16.05.17 |

# 4-7 സമാഹൃതഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ്റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 ാം വകുപ്പ് പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2.2.1 | 2016-17 | അനുബന്ധം3,4 | വസ്തുനികുതി,തൊഴിൽനികുതി അപാകത സംബന്ധിച്ച് | 2.8.18 ന് ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട് |
| 2015-16 | 2.1 | 2016-17 | അനുബന്ധം 5 | 15-16തൊഴിൽനികുതി അപാകത | 2.8.18 ന് ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട് |

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80504128 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 87099601 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5646004 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 2501904 | ശ്രീ.ഡോ. ടോണി.എ.കെ.,മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-8 | 32740 | ശ്രീ.ഡോ. ടോണി.എ.കെ.,മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-9 | 41360 | ശ്രീ.ഡോ. ടോണി.എ.കെ.,മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-12 | 270000 | ശ്രീ.ഡോ. ടോണി.എ.കെ.,മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-20 | 28,00,000 | ശ്രീമതി.ഷൈന.എം.ജി, അസി. എഞ്ചിനീയർ |
| | 5646004 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും
ഇല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ടി. 20 – 1249/98 /28.9.98 |
| 1981-82 | |
| 1982-83 | |
| 1983-84 | |
| 1984-85 | |
| 1985-86 | എൽ.എഫ്.ടി. 7 – 326/90/6.8.1990 |
| 1986-87 | എൽ.എഫ്.ടി. 7 – 326/90/6.8.1990 |
| 1987-88 | എൽ.എഫ്.ടി. 7 – 829/90/10.10.19991 |
| 1988-89 | എൽ.എഫ്.ടി. 9 – 230/1993/21.7.1993 |

| | |
|---|---|
| 1989-90 | എൽ.എഫ്.ടി. 9 – 230/1993/21.7.1993 |
| 1989-90, 1991-92 | എൽ.എഫ്.ടി. 9 – 362/1993/14.5.1993 |
| 1992-93, 1993-94 | എൽ.എഫ്.ടി. 9 – 431/95/25.6.96 |
| 1994-95 | എൽ.എഫ്.ടി. 20 – 75/2001/07.4.2001/31.5.2001 |
| 1995-96 | എൽ.എഫ്.ടി. 20 – 89/2001/7.4.2001 / 31.5.2001 |
| 1996-97 | എൽ.എഫ്.ടി. 9 – 426/98/26.9.98 |
| 1997-98, 1998-99 | എൽ.എഫ്.ടി. 20 – 20/1734/1999/5.8.2000 |
| 1999-2000 | എൽ.എഫ്.ടി. 20 – 20/685/2004 |
| 2000-2001, 2001-02 | എൽ.എഫ്.ടി. 17/686/2004 |
| 2002-03 | എൽ.എഫ്.ടി. 17 – 444/ 2006/17.6.2006 |
| 2003-04 | എൽ.എഫ്.ടി. 17 – 2207/2007/31.5.08 |
| 2004-05 | എൽ.എഫ്.ടി. 17 – 2425/2007/31.5.08 |
| 2005-06 | എൽ.എഫ്.ടി. 17- 2426/2007/16.10.08 |
| 2006-07 | എൽ.എഫ്.ടി. 17 – 1130/10/20.1.2011 |
| 2007-08 | എൽ.എഫ്.ടി.17 – 1131/10/ 20.1.2011 |
| 2008-09 | എൽ.എഫ്.ടി. ( പി3) 218/11/29.11.2011 |
| 2009-10 | എൽ.എഫ്.ടി. (പി 3) 218/11/29.11.2011 |
| 2010-11 | എൽ.എഫ്.ടി. (പി 1)2274 / 12/8.3.13 |
| 2011-12 | എൽ.എഫ്.ടി.(പി 1) 732/13/12.8.13/ 17.10.13 |
| 2012-13 | എൽ.എഫ്. ടി.(പി 5) 2148 / 13/ 5.7.14 /30.9.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി.5.327/ 15/20.8.15/5.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.5/1217/16/23.7.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.5/2227/16/6.1.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ പി5-195/17 തീയതി 29.08.17/06.10.17 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

## അനുബന്ധം - 2

## വാർഷികധനകാര്യപത്രികയുടെ സംക്ഷിപ്തം

| | | |
|---|---|---|
| | സംക്ഷിപ്തം(AuditedAbstract) | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ